ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കൂബ്യൻ



## വാർത്തകൾ

# മണർകാട് പള്ളിയിൽ തിരുനട തുറന്നപ്പോൾ

സ്ലീബാ പെരുനാൾ ദിനമായ 14നു നട അടയ്ക്കും



മണർകാട് ദർശനപുണ്യം കാത്തുനിന്ന പതിനായിരങ്ങൾക്ക് അനുഗ്രഹ ദർശനമേകി മർത്തമറിയം യാക്കോബായ സുറിയാനി പള്ളിയിലെ നട തുറന്നു. 'അമ്മേ' എന്ന വിളികൾ അന്തരീക്ഷത്തിൽ അലയടിച്ചുയർന്ന പുണ്യമുഹൂർത്തം. ആയിരങ്ങളുടെ കണ്ണിൽ അനുഗ്രഹം തേടിയുള്ള ആനന്ദാശ്രുക്കൾ.

ഇന്നലെ രാവിലെ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ, മാത്യൂസ് മാർ ഇവാനിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവരുടെ മുഖ്യ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന നടന്നു. മധ്യാഹ്ന പ്രാർത്ഥനയ്ക്കായി ശ്രേഷ്ഠ കാതോലിക്കാ ബാബായും മെത്രാപ്പോലീത്തമാരും വൈദിക ശ്രേഷ്ഠരും മദ്ബഹായിലേക്കു പ്രവേശിച്ചു. പള്ളിയും പരിസരവും കാലുകുത്താൻ ഇടമില്ലാത്തവിധം തീർത്ഥാടകരാൽ നിറഞ്ഞു. കണ്ണുകളെല്ലാം പ്രധാന മദ്ബഹായിലെ ത്രോണോസിലേക്ക്. പ്രാർഥനാഗീതങ്ങളുടെ അകമ്പടിയിലായിരുന്നു നടതുറക്കൽ.

വർഷത്തിലൊരിക്കൽ മാത്രം തുറക്കുന്ന നട 14നു സ്ലീബാ പെരുനാൾ ദിനം സന്ധ്യാപ്രാർത്ഥനവേളയിൽ അടയ്ക്കും. കറിനേർച്ച തയാറാക്കുന്നതിനുള്ള പന്തിരുനാഴി ഘോഷയാത്ര, പ്രദക്ഷിണം തുടങ്ങിയ ചടങ്ങുകളും ഇന്നലെ നടന്നു. തീർഥാടക മനസ്സുകളിൽ ആഹ്ലാദമേകി കരിമരുന്നുപ്രയോഗം മാർഗംകളി, പരിചമുട്ടുകളി എന്നിവയും ഇന്നു പുലർച്ചെ മുതൽ പാച്ചോർ നേർച്ച തീർഥാടകർക്കു ലഭിച്ചു. മൂന്നിനു നേർച്ച വിളമ്പോടുകൂടി പെരുനാൾ ചടങ്ങുകൾ സമാപിച്ചു.

# എക്യൂമെനിക്കൽ സംഗമം നടത്തി



തിരുവനന്തപുരം: സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് പോങ്ങുംമൂട് വി. അൽഫോൻസാ ദേവാലയത്തിൽ നടന്ന എക്യൂമെനിക്കൽ സംഗമം ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, സെന്റ് പോൾസ് മിഷൻ ഓഫ് ഇന്ത്യ എന്നിവയുടെ മേഖലാ കോ-ഓർഡിനേറ്റർ ഷെവ. കോശി എം. ജോർജ്ജ് ഉദ്ഘാടനം ചെയ്തു. സെന്റ് മേരീസ് സിംഹാസനപ്പള്ളി വികാരി ഫാ. കെ.സി. എബ്രഹാം കട്ടത്തറ, ലൂർദ്ദ് ഫൊറോന വികാരി റവ. ഡോ. ജോൺ വി. തടത്തിൽ, ഫാ. തോമസ് മണിയഞ്ചിറ, നഗരസഭാ പ്രതിപക്ഷ നേതാവ് ജോൺസൺ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. വിവിധ സഭകളിലെ വൈദീകരും ജനങ്ങളും പങ്കെടുത്തു.

### ബൈക്കുള യാക്കോബായ പള്ളിയിൽ ശൂനോയോ പെരുന്നാൾ

**മുംബൈ:** ബൈക്കുള സെന്റ് തോമസ് യാക്കോബായ പള്ളിയിൽ (ഹോളി ക്രോസ് ചർച്ച് ഉമ്മൻ ഖാഡി, ജെ. ജെ. ഹോസ്പിറ്റൽ) വലിയ പെരുന്നാളും കൺവൻഷനും ശൂനോയോ പെരുന്നാളിനോടനുബന്ധിച്ച് വികാരി ഫാ. എൽദോ വറുഗീസ് 9819456671. അ. വികാരി ഫാ. ജോർജ്ജ് എള്ളുവിള 9930914858

### എഞ്ചിനീയറിംഗ് കോളേജിന് അഫിലിയേഷൻ

കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളിയുടെ വകയായുള്ള എഞ്ചിനീയറിംഗ് കോളേജിന് അഫിലിയേഷൻ ലഭിച്ചു.

എഡിറ്റോറിയൽ

# ജീവൻ ദൈവത്തിന്റെ സമ്മാനം

ദൈവം തന്റെ സ്വന്തം ഛായയിലും രൂപത്തിലും സൃഷ്ടിച്ച മനുഷ്യനു അവൻ തന്റെ സ്വന്തം ജീവ ശ്വാസം നല്കി ജീവിയായി മാറ്റി. ജീവൻ ദൈവ ത്തിന്റെ ദാനമായതുകൊണ്ട് അതുമായി ബന്ധപ്പെ ട്ടതെല്ലാം ദൈവത്തെ നിലനിർത്തിയുള്ളതായിരിക്ക ണം. ഏദനിൽ ദൈവകല്പന പാലിക്കാൻ അവൻ കല്പിച്ചെങ്കിൽ ആ കല്പന മനുഷ്യകുലത്തോടാ കമാനം ഉള്ളതാണ്. ജീവന്റെ സംരക്ഷണം മനു ഷ്യന്റെ ചുമതലയാണ്. 'നിന്റെ സഹോദരൻ എവിടെ' എന്ന കായോനോടുള്ള ദൈവത്തിന്റെ ചോദ്യം ഇന്നും അവഗണിക്കപ്പെടുന്നു. ജീവൻ നശി പ്പിക്കുന്നതിനു മനുഷ്യനു യാതൊരു കുറ്റബോധ വുമില്ല. തലമുറകളെ സൃഷ്ടിക്കുന്നതായിരുന്നു ഒരു കാലത്ത് കുടുംബബന്ധത്തിന്റെ പ്രധാന കർത്ത വ്യമെങ്കിൽ ഇന്ന് തലമുറയില്ലെങ്കിലും പ്രശ്നമി ല്ലെന്ന സ്ഥിതിവിശേഷമാണ്. മക്കളില്ലാത്തതിനാൽ സാറയും ഹന്നയും കണ്ണീർ പൊഴിക്കുകയും പൊതുജനത്തിന്റെ മുമ്പിൽ തലതാഴ്ത്തി നടക്കു കയും ചെയ്തെങ്കിൽ മക്കളില്ലാത്തത് അഭിമാന മായി കാണുന്ന ദമ്പതികളും ഉണ്ട്. ഈ പാശ്ചാത്യ സംസ്ക്കാരത്തിന്റെ പറിച്ചുനടൽ ഇന്ത്യയിലെ ക്രിസ്ത്യാനികൾ അനുകരിക്കുന്നത് ഈ സമൂഹ ത്തിനെ ഏറെ ദോഷം ചെയ്തുകൊണ്ടിരിക്കുന്നു. കുട്ടികൾ വേണ്ടെന്നുവെക്കുന്നവർ, ഗർഭഛിദ്രം നട ത്തുന്നവർ, വിവാഹത്തിനുമുമ്പ് ഗർഭമലസിപ്പിക്കു ന്നവർ, ജോലിതിരക്കുമൂലം കുറെ കഴിഞ്ഞുമതി യെന്നു വെച്ചു കുട്ടികളെ നഷ്ടപ്പെടുത്തുന്നവർ, ഉദ്യോഗസംബന്ധമായി അന്യദേശത്തു കഴിയുന്ന മൂലം ഭാര്യ-ഭർതൃബന്ധം യഥാവിധി കഴിയാതെ തലമുറകൾ എന്നന്നേക്കുമായി നഷ്ടമാകുന്നവർ, ഒരു കുട്ടിമതിയെന്നു വെക്കുന്നവർ, ഇവർ ദൈവ മാതാവായ മറിയാമിനെ മാതൃകയാക്കണം. പുരു ഷനെയറിയാതെ ഗർഭിണിയായെങ്കിൽ ഉദരത്തിൽ ദൈവം നല്കിയ ജീവനെ എത്രമാത്രം സൂക്ഷ്മത യോടെ പോറ്റിവളർത്തി ലോകത്തിന്റെ രക്ഷകന കാൻ സാഹചര്യമൊരുക്കി. കഷ്ടതകളുടേയും പ്രയാസങ്ങളുടേയും നടുവിലും കുഞ്ഞിനെ നഷ്ട പ്പെടാതിരിക്കാൻ ആ അമ്മ ഏറെ പണിപ്പെട്ടു. ജീവന്റെ കാവൽക്കാരനായ മനുഷ്യൻ ഗർഭപാത്ര ത്തിലും പുറത്തും കൊലയാളിയായി മാറുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഭൗതീ കമായ പരക്കംപാച്ചിലിനിടയിൽ ജീവന്റെ മൂല്ല്യം മറന്നുപോകുന്നു. തലമുറകളുടെ ആവശ്യകത മന സ്സിലാക്കാതെവരുന്നു. ക്രൈസ്തവ സമൂഹം തന്മൂലം ജനസംഖ്യയിൽ ഏറെ പിന്നോക്കം പോകു ന്നു. ക്രൈസ്തവ സമൂഹത്തിലെ സമ്പന്നർ, വിദ്യാ സമ്പന്നർ, ഉന്നതർ, കൂടുതൽ മക്കളെ വളർത്തു വാൻ സന്നദ്ധരാകണം. ഇക്കാര്യത്തിൽ നമ്മുടെ സ്ത്രീകൾ ചില ത്യാഗത്തിനും സഹനത്തിനും തയ്യാറാകണം. പണം ഇല്ലാത്തവരുടെ മക്കളെ പഠി പ്പിക്കാനും സമൂഹത്തിനും സഭക്കും പ്രയോജനപ്പെ ടുത്തുവാനും സ്വതന്ത്രമായ ജീവിതം നല്കികൊണ്ട് കുട്ടികളെ സഭ ഏറ്റെടുക്കണം.

ഇന്ന് സഭക്ക് വൈദീകരാകൻ ആളില്ല. സഭാംഗ ങ്ങൾ ഉന്നതശ്രേണികളില്ല. ഔദ്യോഗിക രംഗത്തും രാജ്യഭരണരംഗത്തും ക്രൈസ്തവർ കുറഞ്ഞുവരു ന്നു. ജനസംഖ്യയിലും ക്രൈസ്തവർ ദിനംപ്രതി കുറയുന്നു. നീതിമാനായ ഇയ്യോബ് (33:4) പറ ഞ്ഞത് "ദൈവചൈതന്യം സൃഷ്ടിച്ചു. സർവ്വശ ക്തന്റെ ശ്വാസം എനിക്ക് ജീവൻ തന്നു" എന്നാണ്. മരണത്തെ വെല്ലുവിളിക്കുമ്പോഴും ജീവന്റെ വില ഇയ്യോബ് ദർശിച്ചു.

ദൈവം മനുഷ്യനെ ദൈവദൂതന്മാരെക്കാൾ അല്പംമാത്രം താഴ്ത്തി എന്നാൽ എല്ലാറ്റിനേയും മനുഷ്യന്റെ പാദപീഠത്തിങ്കലാക്കി" (സങ്കീ. 8:5-6).

ഓരോ ജനനവും ദൈവത്തിന്റെ പദ്ധതിയാണ്. ദൈവത്തിന്റെ പദ്ധതിയെ തകർക്കാൻ മനുഷ്യൻ ഇന്ന് വിവിധ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു. ഇതു പാപമാണ്. സഭാമക്കളാണ് സഭയുടെ സമ്പത്ത്. കൂടുതൽ അംഗസംഖ്യയാണ് സഭയുടെ സ്വത്ത്. അംഗസംഖ്യ വലുതാക്കാൻ സഭ ദമ്പതികൾക്കിട യിൽ ബോധവത്ക്കരണ പരിപാടികൾ ആവിഷ്ക്ക രിക്കണം. ജീവൻ നശിപ്പിക്കുന്നതിനെതിരേയും ജനന നിയന്ത്രണത്തിനെതിരേയുമുള്ള പരി പാടികൾക്ക് രൂപം കൊടുക്കണം. "ജീവനെ നശി പ്പിക്കാതിരിക്കൂ നിങ്ങൾക്കുവേണ്ടാത്ത കുഞ്ഞു ങ്ങളെ എനിക്കു തരു"യെന്ന മദർ തെരേസയുടെ വാക്കുകൾ സഭ ഏറ്റെടുക്കണം. കുഞ്ഞുങ്ങളെ ആവശ്യമില്ലാത്തവരിൽ നിന്നും വളർത്താൻ കഴി വില്ലാത്തവരിൽ നിന്നും കുഞ്ഞുങ്ങളെ ഏറ്റെടു ക്കാനും അനാഥരെ പുലർത്താനും സഭ ശ്രദ്ധിച്ചി രുന്നെങ്കിൽ.

**അലക്സാണ്ടർ കാരയ്ക്കാട്**
എഡിറ്റർ

# വി. കന്യകമറിയാമും, സഹനത്തിന്റെ പാതകളും

ഷെവ. കെ.വി. ജോർജ്ജ്, വി - കോട്ടയം

ആഗസ്റ്റ് - സെപ്റ്റംബർ മാസങ്ങൾ വി. ദൈവമാതാവിന്റെ പ്രധാന പെരുനാളുകളുടെ കാലമാണല്ലോ. "ഇന്നുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" (ലൂക്കൊ. 1:48) എന്ന പ്രവചനം സാക്ഷാത്ക്കരിച്ചുകൊണ്ട് ലോകത്തിലെ എല്ലാ രാജ്യങ്ങളിലുമുള്ള വിശ്വാസികളുടെ സമൂഹം വി. മറിയാമിനെ വാഴ്ത്തുകയും, പെരുനാളുകൾ ആചരിക്കുകയും ചെയ്യുന്നു. വി. അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുന്ന ഏതൊരാൾക്കും അനുഗ്രഹവും, ആശ്വാസവും ലഭിക്കുന്നു.

ദൈവമാതാവായ വി. കന്യക മറിയാമിന്റെ അഗാഘമായ ദൈവഭക്തിയും സമർപ്പണവും, വിനയവും, ഓരോ വിശ്വാസിക്കും മാതൃകയും, ദൃഷ്ടാന്തവുമാണ്. ഗബ്രിയേൽ മലാഖ ബാലികയായ മറിയാമിന് പ്രത്യക്ഷപ്പെട്ട് ദൈവത്തിന്റെ സന്ദേശം അറിയിച്ചപ്പോൾ, "ഇതാ, ഞാൻ കർത്താവിന്റെ ദാസി, നിന്റെ വചനപ്രകാരം എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞുകൊണ്ട് ദേവേഷ്ടത്തിന് സ്വയം വിധേയയാകാൻ അവൾ പ്രകടിപ്പിച്ച സന്നദ്ധതയും, അർപ്പണവും ഉത്തമ മാതൃകയായി എല്ലാ തലമുറകളും അംഗീകരിക്കുന്നു.

വി. സഭയിൽ മറിയാമിന്റെ സ്ഥാനവും, പദവിയും നിസ്തുലവും, അദ്വതീയവുമാണ്. സകല വിശുദ്ധന്മാർക്കും ഉപരിയായിട്ടാണ് സുറിയാനി സഭയിൽ വി. ദൈവമാതാവിനുള്ള പദവി. വി. മറിയം ഈ സ്ഥാനത്തേക്ക് എങ്ങനെയാണ് ഉയർത്തപ്പെട്ടതെന്ന് ധ്യാനപൂർവ്വം ചിന്തിക്കുമ്പോൾ അവളുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ അനാവരണം ചെയ്യപ്പെടുന്നു. ദൈവജനനിയുടെ നിരവധി വ്യക്തി വൈശിഷ്ട്യങ്ങൾക്കു പുറമേ, വി. മറിയം അനുഭവിച്ച യാതനുകളും, ദുഃഖഭാരങ്ങളും ഒരു സാധാരണ വനിതയ്ക്ക് താങ്ങാവുന്നതിൽ അധികമായിരുന്നു.

നാല്പതു ദിവസം പ്രായമായ യേശുകുഞ്ഞിനെ ദേവാലയത്തിൽ സമർപ്പിക്കുവാനായി മിറയാമും, ജോസഫും യരുശലേം ദേവാലയത്തിലേക്ക് ചെല്ലുമ്പോൾ, യേശുവിന്റെ ദർശനത്തിനായി കാത്തിരിക്കുന്ന നീതമാനം, ഭക്തനും, വൃദ്ധനുമായ ശിമയോൻ മറിയാമിനേക്കുറിച്ചു നടത്തിയ പ്രവചനം "നിന്റെ സ്വന്ത പ്രാണനിൽക്കൂടിയും ഒരു വാൾ കടക്കും" (ലൂക്കൊ. 2:35). അവളുടെ ജീവിതത്തിൽ പൂർണ്ണമായി സാക്ഷാത്ക്കരിക്കപ്പെട്ടതായി തിരുവചനം നമ്മെ മനസ്സിലാക്കുന്നു. വി. മറിയാമിന്റെ ഹൃദയത്തിൽകൂടി കടന്നുപോയ തീവ്രമായ ദുഃഖത്തിന്റെ വാളിനേക്കുറിച്ച് ഭക്തിപൂർവ്വമായ ഒരവലോകനം നടത്താം.

**1. യേശുവിന്റെ ജനനത്തിനു മുമ്പ് നടത്തിയ ദുരിതപൂർണ്ണമായ യാത്ര.**

ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് ആ കാലത്ത് നടത്തപ്പെട്ടിരുന്ന സെൻസസിൽ പേരെഴുതിക്കുവാനായി പൂർണ്ണ ഗർഭിണിയായ മറിയാമിനോടുകൂടി നസറെത്തിൽ നിന്നും 80 മൈൽ ദൂരമുള്ള ബേത്‌ലഹെമിലേക്കു യാത്രതിരിച്ചു. മലകളും, കുന്നുകളും, താഴ്‌വരകളും കടന്നു ദുർഘടമായ യാത്ര. മൂന്നു ദിവസം കൊണ്ടായിരിക്കണം അവർ തരണം ചെയ്തത്. ഇത്രയും ക്ലേശകരമായ ഒരു യാത്ര, പ്രസവം ആസന്നമായ ഒരു സ്ത്രീ നടത്തേണ്ടി വരുമ്പോഴുള്ള ശാരീരികവും, മാനസികമായുള്ള വൈഷ്യമൃങ്ങൾ വിവരിക്കേണ്ടതില്ലല്ലോ. ബേത്‌ലഹെമിൽ എത്തിയ മറിയാമിന് പ്രസവ സമയം അടുക്കുകയും, പ്രസവശേഷം വഴിയമ്പലത്തിൽ സ്ഥലം ലഭിക്കാഞ്ഞതുകൊണ്ട് ശിശുവിനെ പശുത്തൊഴുത്തിൽ കിടത്തേണ്ടിവരികയും ചെയ്തു. ഈ നിസഹായാവസ്ഥ ആ അമ്മയെ എത്രമാത്രം വേദനിപ്പിച്ചിരിക്കും. ദൈവപുത്രനായ സ്വന്തം കുഞ്ഞിനെ കിടത്താൻ വഴിയമ്പലം പോലും ലഭിക്കാത്തതിൽ തേങ്ങുന്ന ഒരമ്മയുടെ മനസ്സിനെക്കുറിച്ചു ചിന്തിക്കുക.

**2. ഈജിപ്റ്റിലേക്കുള്ള സാഹസികമായ പാലായനം**

ബേത്‌ലഹെമിൽ ജനിച്ച ശിശു മശിഹായാണെന്ന് മനസ്സിലാക്കിയ ഹേരോദാവ്, യേശുകുഞ്ഞിനെ ലക്ഷ്യമാക്കിക്കൊണ്ട്, രണ്ടുവയസ്സിൽ താഴെയുള്ള ശിശുക്കളെ വധിക്കാൻ കല്പന പുറപ്പെടുവിച്ചു. ഈ വിവരം മാലാഖ സ്വപ്നത്തിൽ ജോസഫിനെ അറിയിക്കുകയും, ഈജിപ്റ്റിലേക്ക് പാലായനം ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. ശിശുവിനേയും വഹിച്ചുകൊണ്ടുള്ള മറിയാമിന്റെയും, ജോസഫിന്റേയും, ഈജിപ്റ്റിലേക്കുള്ള യാത്ര ദുരിതപൂർണ്ണമായിരുന്നിരിക്കണം. ഏകദേശം 300 മൈൽ ദൈർഘ്യമുള്ള മരുഭൂമിയിൽകൂടിയുള്ള സഞ്ചാരത്തിനിടെ കഠിനമായ ചൂടും, മരവിപ്പിക്കുന്ന തണുപ്പും, സുരക്ഷിതമല്ലാത്ത വഴികളും, അവർക്ക് അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ടാവും, എല്ലാറ്റിനുപരിയായി അവരെ പിന്തുടരുന്ന ഹേരോദാവിന്റെ ഭടന്മാരേക്കുറിച്ചുള്ള ഭയം. ഇവയെല്ലാം മറിയാമിന്റെ ദുഃഖവും, ആശങ്കകളും വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടാവും. എന്നാൽ ദൈവത്തിന്റെ അദൃശ്യമായ കരങ്ങൾ വഴിയോരങ്ങളിൽ അവർക്ക് താങ്ങും, തണലും, സംരക്ഷണവും നൽകി.

ഏകദേശം രണ്ടു വർഷം ഈജിപ്റ്റിൽ താമസിച്ച ശേഷം തിരുകുടുംബം, ദൈവത്തിന്റെ അരുളപ്പാടനുസരിച്ച് ഇസ്രായേലിലേക്ക് തിരിച്ചുവരികയും നസറെത്തിൽ താമസമാക്കുകയും ചെയ്തു. "മിസ്രയീമിൽ നിന്നും ഞാൻ എന്റെ മകനെ വിളിച്ചുവരുത്തി" എന്ന ഹോശേയ ദീർഘദർശിയുടെ പ്രവചനം ഇപ്രകാരം യാഥാർത്ഥ്യമായി.

**3. യേശുവിന്റെ ജീവിതത്തിലൂടനീളം വി. മറിയം സഹിച്ച വേദനകൾ**

ബാലനായ യേശുവിനെ യരുശലേം ദേവാലയ

# നാം നല്ലതിനെ മുറുകെപ്പിടിക്കുന്നവരാണോ?

**ഡോ. ജോയി അമ്പഴച്ചാലിൽ**

ഭാഗ്യവാനായ പൗലോസ് സ്ലീഹാ തെസ്സലോന്യ കൃർക്ക് എഴുതിയ ലേഖനത്തിൽ നാം ഇപ്രകാരം വായിക്കുന്നു.

"സകലവും ശോധന ചെയ്ത് നല്ലത് മുറുകെപ്പിടിപ്പിൻ" (1 തെസ്സലോനികൃർ 5:21).

സകലവും എന്നാൽ എല്ലാം നമ്മൾ അറിയണം. നല്ലതിനെ സ്വീകരിക്കണം അരുതാത്തത് തിരസ്കരിക്കണം. ഇങ്ങനെ സ്വീകരിക്കണമെങ്കിൽ നല്ലൊരു ജ്ഞാനം ദൈവകൃപ നമുക്കുവേണം. പിശാച് ഏതു സമയവും നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. ഇതിൽ നിന്ന് നമുക്ക് ഒരു സംരക്ഷണം ദൈവീക സംരക്ഷണം കിട്ടണം. യേശുക്രിസ്തുവിനെ മുറുകെപ്പിടിച്ചാൽ നാം ഒന്നിനേയും ഭയപ്പെടേണ്ട.

പക്ഷെ നാം ഇന്ന് മറ്റുപലതിനേയും ഭയന്ന് വിറച്ച്, അവയ്ക്ക് അടിമപ്പെടുന്നു. ഈ അടിമത്വത്തിൽ നിന്ന് മോചനം നേടിത്തരാനല്ലേ സാക്ഷാൽ യേശുക്രിസ്തു കാൽവരി ക്രൂശിൽ സർവ്വർക്കും വേണ്ടി പരമയാഗമായത്. വില ഇന്ന് നമുക്ക് അറിയാമോ? ആ പുണ്യാഹരക്തത്തിന്റെ ഗുണം കൈവരിക്കണമെങ്കിൽ ദൈവകൃപയ്ക്കായി യാചിച്ചു ആ ആണിപ്പഴുതുള്ള

---

ത്തിൽ കാണാതാകുന്ന സംഭവം വി. ലൂക്കൊസിന്റെ സുവിശേഷത്തിൽ (ലൂക്കൊ. 2:41-51) രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. പെസഹാ പെരുനാളിനു ശേഷം സ്വദേശത്തേക്ക് തിരികെ പോരുന്ന തിരുകുടുംബം യേശു കൂടെയില്ലെന്ന് മനസ്സിലാക്കുകയും, മൂന്നു ദിവസത്തെ അന്വേഷണത്തിനുശേഷം മകനെ യരുശലേം ദേവാലയത്തിൽ ഉപദേഷ്ഠാക്കളുടെ നടുവിൽ കണ്ടെത്തുകയും ചെയ്യുന്നു. "മകനേ, ഞങ്ങളോട് ഇങ്ങനെ ചെയ്തത് എന്ത്?" എന്നുള്ള ചോദ്യത്തിൽ ആ അമ്മയുടെ സകല വ്യാകുലതകളും നിറഞ്ഞുനിന്നിരുന്നു.

യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചതിനുശേഷം അദ്ദേഹം പരീശന്മാരുടേയും, പുരോഹിതന്മാരുടേയും, പള്ളിപ്രമാണികളുടേയും കഠിനമായ എതിർപ്പിനും, വിദ്വേഷത്തിനും, വിധേയമാകുന്നുവല്ലോ. കർത്താവ് ജനങ്ങളെ ഉപദേശിക്കുകയും, സൗഖ്യദാനം നൽകുകയും ചെയ്യുമ്പോൾ വിവാദങ്ങൾ സൃഷ്ടിക്കുകയും, എതിർപ്പിന്റെ കുന്തമുനകൾ ഉയർത്തിപ്പിടിക്കുകയും, ഉടക്കു ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്തിരിക്കുന്നു. യഹൂദാജനം യേശുവിനെ തിരസ്കരിക്കുന്നതും, തന്റെ സ്വന്തപട്ടണമായ നസറത്തിൽപോലും സ്വീകരിക്കപ്പെടാതിരിക്കുകയും, കൊല്ലാൻ ശ്രമിക്കുകയും ചെയ്യുന്നത് (ലൂക്കൊ. 4:16-30) വേദനാജനകമായിരുന്നു.

ഇതിനെല്ലാം മൂകസാക്ഷിയായിരുന്ന ആ മാതാവിന്റെ ഹൃദയം ദുഃഖത്തിന്റെ നീറുന്ന കനലായിരുന്നില്ലേ?

**3. യേശുവിന്റെ പീഢാനുഭവവും, ക്രൂശുമരണവും**

വിസ്താര സമയത്തെ പീഢനങ്ങൾകൊണ്ട് ക്ഷീണിതനായിരുന്ന യേശു, താങ്ങാൻവയ്യാത്ത മരക്കുരിശും വഹിച്ചുകൊണ്ട്, കാൽവറിയിലേക്കുള്ള യാത്രാമദ്ധ്യേ, ജറുസലേമിലെ സ്ത്രീകൾ സങ്കടപ്പെടുകയും, കരയുകയും ചെയ്തുവെങ്കിൽ, തന്റെ മാതാവായ മറിയാമിന്റെ ഹൃദയം ഈ രംഗങ്ങൾ കണ്ട് എത്രയേറെ വേദനിച്ചിട്ടുണ്ടാവും. തന്റെ പ്രിയപുത്രൻ അനുഭവിക്കുന്ന ക്രൂരപീഢനങ്ങൾ നേരിൽ കണ്ട ആ അമ്മ, ഒരുപക്ഷേ തന്റെ ജീവൻ പകരം നൽകുവാനും തയ്യാറാകുമായിരുന്നു.

ഗോഗുൽത്തായിൽ നാട്ടപ്പെട്ട കുരിശിൽ മൂന്ന് ആണികളാൽ തൂക്കപ്പെട്ട യേശു സഹിച്ച ക്രൂരമായ ശാരീരിക പീഢനങ്ങളും, പരിഹാസവും, നിന്ദയും, താൻ അനുഭവിച്ച മാനസിക സംഘർഷങ്ങളും തന്റെ ആത്മാവിനെ പിതാവിന്റെ തൃക്കൈയിൽ ഏല്പിച്ചുകൊണ്ട് അന്ത്യശ്വാസം വെടിയുന്ന നിമിഷത്തിലുമെല്ലാം, മാതാവ് തകർന്ന ഹൃദയവുമായി, ഹൃദയഭേദകമായ ആ ദൃശ്യങ്ങൾക്ക് മൂകസാക്ഷിയായി. യോഹന്നാൻ ശ്ലീഹായോടൊപ്പം അവിടെയുണ്ടായിരുന്നു.

യേശുക്രിസ്തുവിന്റെ ജനനത്തിനു മുമ്പാരംഭിച്ച വി. മറിയാമിന്റെ വ്യാകുലയാത്ര, കാൽവറിയിലെ കുരിശിൻചുവട്ടിൽ അവസാനിക്കുന്നു. ഈ പ്രയാണത്തിൽ ശിമയോന്റെ പ്രവചനം പോലെ തന്നെ, ദുഃഖത്തിന്റെ വാള് ആ ഹൃദയത്തിന്റെ തറക്കപ്പെട്ടിരുന്നു.

പാപത്തിനടിമപ്പെട്ട മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാനായി നമ്മുടെ കർത്താവായ യേശു പീഢനങ്ങളും, കുരിശുമരണവും സ്വയം സ്വീകരിച്ചു. ആ മഹത്തായ ത്യാഗത്തിൽകൂടിയാണ് ഓരോ മനുഷ്യനും രക്ഷയുടെ മാർഗം തുറന്നത്. അതുപോലെ വി. കന്യകമറിയം സ്വന്തജീവിതത്തിൽ അനുഭവിച്ച മാനസിക വ്യഥകളും, പീഢകളും അവളെ മഹത്വത്തിന്റെ ഔന്നത്യത്തിലേക്ക് ഉയർത്തി.

നമ്മുടെ ജീവിതത്തിൽ കഷ്ടതകളും ദുഃഖരമായ സംഭവങ്ങളും, മാനസിക സംഘർഷങ്ങളും, പ്രതിസന്ധികളും ഉണ്ടാകാറുണ്ടല്ലോ. ഈ അവസരങ്ങളിൽ ഒരു നിമിഷം ചിന്തിക്കുക. പ. കന്യക മറിയം അനുഭവിച്ച വേദനകളേക്കാൾ എത്രയോ നിസ്സാരമാണ് നമുക്കുണ്ടാകുന്ന പ്രയാസങ്ങൾ. വി. മാതാവ് അഭിമുഖീകരിച്ച വ്യാകുലങ്ങലെ സ്മരിച്ച് ധ്യാനിക്കുകയും ആ അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുകയും ചെയ്യുമ്പോൾ നമ്മുടെ വേദനകൾക്കും, പ്രതിസന്ധികൾക്കും ആശ്വാസം ലഭിക്കുന്നു. ആ അമ്മ നമ്മുടെ സങ്കടങ്ങൾ തന്റെ പുത്രന്റെ മുമ്പാകെ അവതരിപ്പിച്ച് പരിഹാരം കണ്ടെത്തുന്നു. അമ്മയുടെ പ്രാർത്ഥന നമുക്ക് അഭയമാകട്ടെ. ●

# കേരളത്തിന്റെ സാമൂഹ്യതകർച്ച - ഒരവലോകനം

ഫാ. ഡാർളി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

സാക്ഷരതയിലും പ്രബുദ്ധതയിലും ഏറെ മുന്നിലെന്നഭിമാനിക്കുന്ന കേരളം, ഇപ്പോൾ സാമൂഹിക തകർച്ചയുടെ ചുഴിയിൽപ്പെട്ടുഴലുകയാണ്. ദൈവത്തിന്റെ സ്വന്തം നാട്ടുകാരിപ്പോൾ ചെകുത്താന്റെ ആലയത്തിൽ അഭിരമിക്കുന്നു. രമ്യഹർമ്മങ്ങളും കാറുകളുടെ ഷോറൂമുകളും ഇവിടെ പെരുകുന്നു. മുക്കിലും മൂലയിലും ബാറുകളും ആഭരണശാലകളും പട്ടുവസ്ത്രകേന്ദ്രങ്ങളും ഉയർന്നുവരുമ്പോൾ നാം അഭിമാനിക്കുന്നു. ഇന്ത്യയിൽ ചാനലുകൾ ഏറ്റവും കൂടുതൽ ത്രസിപ്പിക്കുന്ന ജനസഞ്ചയമായി മലയാളി മാറിക്കഴിഞ്ഞു. ഇതെല്ലാം കണ്ടും കേട്ടും പൊരുളറിയാതെ തലയെടുപ്പിലും ധാർഷ്ട്യത്തിലുമാണ് കേരളീയർ. ഈ കെട്ടുകാഴ്ചകൾകൊണ്ട് നമുക്ക് സംസ്കാര സമ്പന്നരും പരിഷ്കൃതരുമെന്ന് അവകാശപ്പെടാനാകുമോ?

2009 ജൂൺ കേരള നിയമസഭയുടെ മേശപ്പുറത്തു വച്ച സ്ഥിതി വിവരണക്കണക്കുകൾ മുഴുവാനാളുകളുടെയും കണ്ണും കാതും തുറപ്പിക്കേണ്ടതാണ്. പിന്നിട്ട ആറുമാസത്തിനുള്ളിൽ 312 ബലാൽസംഗ കേസുകളാണ് ഇവിടെ രജിസ്റ്റർ ചെയ്തുകഴിഞ്ഞത്. പ്രതിദിനം ഒന്നിലധികം മാനഭംഗം ഇവിടെ നടന്നു. ഇതിലെ ഇരകൾക്കു രണ്ടു മുതൽ 12 വരെയാണ് പ്രായം. സ്ത്രീ പീഢനകേസുകളുടെ എണ്ണം 916 ആണ്.

കേരളത്തിൽ മൂന്നു കൊല്ലത്തിനുള്ളിൽ നടന്ന ക്രിമിനൽ കുറ്റങ്ങളുടെ കണക്ക് ഇപ്രകാരം. കൊലപാതകങ്ങൾ 1170, റാഗിംഗ് കേസ് 76, കസ്റ്റഡിമരണം, പോലീസിനെ ഭയന്നു മരണം എന്നിവ 16, വെടിവെപ്പ് മരണം 18, രാഷ്ട്രീയസംഘട്ടനം 4457, പിടിച്ചുപറികേസുകൾ 3763. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിനിട

---

കരങ്ങളെ പിടിക്കണം.

നമ്മുടെ കരങ്ങൾ പാപക്കറയും അഴുക്കും ചെളിയുംകൊണ്ടു അശുദ്ധമല്ലേ? 1 തെസ്സ. 4,3 ൽ കാണുന്നു. 'ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ.' ഈ ശുദ്ധീകരണം പ്രാപിച്ച കൈകൾക്കല്ലേ ഈ കരങ്ങളുടെ സംരക്ഷണത്തിന് അർഹതയുള്ളു. അബ്ബാ പിതാവേ എന്നു വിളിക്കാൻ യോഗ്യതയുള്ളവരാണോ നാം എന്ന് തന്നത്താൻ ശോധന ചെയ്യണം. ശോധന ചെയ്ത് ദൈവത്തിന്റെ മക്കൾ ആണോ എന്ന് ഉറപ്പുവരുത്തണം. ദൈവത്തിന്റെ മക്കൾ എങ്കിൽ റോമർ 8:7 ൽ പറഞ്ഞിരിക്കുന്നതുപോലെ നാം മക്കളെങ്കിലോ അവകാശികളും ആകുന്നു.

പക്ഷേ ഇന്നത്തെ നമ്മുടെ പ്രവൃത്തി കണ്ടാൽ ആ അവകാശത്തിന് നമുക്ക് അർഹതയുണ്ടോ?

നാം ഇന്ന് ആരെയാണ് മുറുകെ പിടിച്ചിരിക്കുന്നത്? ധനത്തേയും ധനാഗമനമാർഗ്ഗങ്ങളെയും അല്ലേ? അതിലുപരി ഇതിനുള്ള മ്ലേച്ഛമായ മാർഗ്ഗങ്ങളെയല്ലേ? പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഒരവസ്ഥാവിശേഷമല്ലേ കാണുന്നത്. വ്യക്തിയായാലും, കുടുംബമായാലും, സമൂഹമായാലും രാഷ്ട്രങ്ങൾ ആയാലും ഈ പ്രവണത വച്ചുപുലർത്തുന്നില്ലേ? യേശയ്യാ പ്രവചനം 1 ന്റെ ൽ പറഞ്ഞിരിക്കുന്നതുപോലെ തലമുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചവരല്ലേ?

ഇന്നത്തെ മാനുഷിക ബന്ധങ്ങൾക്ക് എന്തെങ്കിലും മൂല്യമുണ്ടോ? 10 കന്യകമാരിൽ ആവശ്യത്തിന് എണ്ണ കരുതാത്തവരുടെ കൂട്ടത്തിൽ അല്ലേ കാണുന്നത്. ആ 5 പേർക്ക് നമ്മുടെ നോട്ടത്തിൽ എന്താണ് പോരായ്മ? അവരും മണവാളനെ സ്വീകരിക്കാൻ യോഗ്യരായവരുടെ ഗണത്തിൽപ്പെട്ടതുകൊണ്ടല്ലേ മണിയറ വാതിൽവരെ എത്തിയത്? നമ്മളും ഭക്തിയുടെ കാര്യത്തിൽ പിന്നിലാണോ. ഒരു ആത്മ പരിശോധന നടത്തുക. പള്ളിയിൽ പോകുന്നു കുമ്പസാരിക്കുന്നു കുർബാനയനുഭവിക്കുന്നു. നോമ്പ്, ഉപവാസം ഇവ നോക്കുന്നു. ദാനധർമ്മങ്ങൾ ചെയ്യുന്നു. ഈ ലോകത്തിന്റെ കണ്ണിൽ ഒരു പരമഭക്തൻ തന്നെ. പക്ഷെ മണവാളന്റെ മുമ്പിൽ എത്തുവാനുള്ള യോഗ്യതയില്ലാത്ത കന്യകമാർക്ക് തുല്യരല്ലേ? വിശ്വാസം എന്ന വിളക്ക് നാം കാലാകാലങ്ങളായി മുറുകെപ്പിടിക്കുന്നവരാണ്. മഹത്തായ പാരമ്പര്യവും, എന്നുവേണ്ട ആരേയും വെല്ലുവിളിക്കുന്ന വിളക്ക് നമ്മുടെ കയ്യിലില്ലേ. പക്ഷേ നാം മുറുകെപ്പിടിച്ചിരിക്കുന്ന ഈ മനോഹരമായ വിളക്കിൽ ആവശ്യത്തിന് എണ്ണയുണ്ടോ എന്ന് നാം ഒരു നിമിഷം ചിന്തിക്കൂ. ഈ ചിന്ത ഏതൊക്കെ മാർഗ്ഗത്തിലായിരിക്കണം?

ഈ ജീവിതത്തിൽ നാം ദൈവത്തോട് ചേർന്ന് ആ വിശുദ്ധ കൈകളിൽ പിടിക്കുവാൻ യോഗ്യത നേടണം. റോമർ 8:14 ൽ പറയുന്നു. 'ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു.' വീണ്ടും യോഹന്നാൻ 16:13 ൽ പറയുന്നതുപോലെ സത്യത്തിന്റെ ആത്മാവു വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴി നടത്തും. ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ. ഈ നുറുങ്ങിയ ഹൃദയത്തോടെ, കണ്ണുനീരോടെ ആ ക്രൂശിൻചുവട്ടിലേക്ക് ഒന്ന് നോക്കൂ. ഒന്ന് അടുത്ത് ചെല്ലു. അപ്പോൾ കാണാം, അനുഭവിച്ചറിയാം ആ സ്നേഹം, ആ കരുതൽ, ആ വാത്സല്യം, ആ തലോടൽ. ആ നിർവൃതി, ഇതിലേക്ക് ഉതകുന്നതായിരിക്കണം നമ്മുടെ പ്രാർത്ഥനയും, ഉപവാസവും നോമ്പുനോക്കലും ദാനധർമ്മങ്ങളും. അങ്ങനെ ആ കരത്തോട് ചേർന്ന് നിന്ന്, ആ കരത്തിൽ മുറുകെപ്പിടിക്കാൻ യോഗ്യതയുള്ളവനായ ഒരു യഥാർത്ഥ ക്രിസ്ത്യാനി ആയിരിക്കട്ടെ നാം ഓരോരുത്തരും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തിനു സ്തോത്രം. ●

യിൽ ദേശീയ ക്രൈംറെക്കോർഡ്സ് പുറത്തിറക്കിയ റിപ്പോർട്ടുകളിലെ കണക്കുകൾ പരിശോധിച്ചാൽ കേരളം ക്രൈം നിരക്കിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തോ രണ്ടാം സ്ഥാനത്തോ ആണ് മാറി മാറി വരാറുള്ളത്. ഇന്ത്യയുടെ ക്രൈം കാപ്പിറ്റലായി കേരളം മാറാൻ തുടങ്ങിയിട്ട് നാളേറെയായെങ്കിലും അതിൽ വ്യക്തിപരമോ സാമൂഹികമോ ആയ ഉത്ക്കണ്ഠ മലയാളിക്കുണ്ടാകുന്നില്ല. ദേശീയ നിലവാരത്തിൽ കൊള്ള, കൊള്ളിവെപ്പ്, കലാപം, സംഘട്ടനം തുടങ്ങിയ പൊതുവായ നിയമലംഘനങ്ങളുടെ കാര്യത്തിൽ 11 ശതമാനത്തോളം കേരളത്തിന്റെ സംഭാവനയാണെന്ന അപമാനകരമായ സ്ഥിതി ഒരിക്കൽപോലും സംസ്ക്കാര സമ്പന്നരെന്ന് അവകാശപ്പെടുന്ന കേരളീയരെ അലോസരപ്പെടുത്തുന്നില്ല.

ആഡംബര ജീവിതശൈലി വാരിപ്പുണർന്നിരിക്കുന്ന മലയാളികൾ ഇന്ന് ഇന്ത്യയിൽ ആത്മഹത്യാനിരക്കിൽ ഒന്നാം സ്ഥാനത്താണ്. സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ കേരളത്തിൽ ഓരോ കൊല്ലവും 20 ശതമാനം മുതൽ 50 ശതമാനംവരെ വർധിക്കുന്നു. ഇന്ത്യയിൽ മദ്യത്തിന്റെ ഉപഭോഗത്തിൽ കേരളം ഒന്നാം സ്ഥാനത്തിനടുത്താണ്. ആരോഗ്യവകുപ്പിന്റെ 2003 ലെ കണക്കുപ്രകാരം സംസ്ഥാനത്ത് 33,733 ഗർഭച്ഛിദ്രങ്ങളാണ് നടന്നത്. സാമൂഹികതകർച്ചയുടെയും കുറ്റകൃത്യവാസനയുടെയും പിടിയിൽപ്പെട്ട് ഉലയുമ്പോഴും പണം ഉണ്ടാക്കാനുള്ള അത്യാർത്തിയിൽ തിമിർത്താടുകയാണ് മലയാളി.

ഇന്ത്യയിൽ നടക്കുന്ന പല ഭീകരാക്രമണങ്ങളിലും നക്സ്ലൈറ്റ് അട്ടിമറികളിലും 'കേരളാടച്ച്' ഉണ്ട്.

കേരളത്തിലെ ജനങ്ങൾ മുപ്പതു വയസ്സ് കഴിയുമ്പോഴേക്കും മാറാവ്യാധികൾക്ക് അടിമപ്പെടുന്നതായി ആരോഗ്യപഠനങ്ങൾ വ്യക്തമാക്കുന്നു. ഇവിടെ 31 ലക്ഷം പേർക്കു പ്രമേഹവും 45 ലക്ഷം പേർക്കു രക്തസമ്മർദ്ദവും 45 ലക്ഷം പേർക്കു ദുർമേദസ്സും അനുബന്ധരോഗങ്ങളും ഉള്ളതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ചിക്കൻ ഗുനിയ, എലിപ്പനി തുടങ്ങി പന്നിപ്പനിവരെ കേരളത്തെ വേട്ടയാടുന്നു. ശാരീരികവും മാനസികവുമായി രോഗഗ്രസ്തമായിത്തീരുന്ന നമ്മുടെ സമൂഹത്തിന് ശരിയായ ദിശാബോധം നൽകേണ്ട ധാർമ്മികപ്രസ്ഥാനങ്ങളും ആത്മീയ പ്രവർത്തനകരും ഒരുതരം മരവിപ്പിലാണുള്ളത്. ഉപഭോഗതൃഷ്ണയും പണത്തോടുള്ള ആക്രാന്തവും ഇത്തരം മേഖലകളെയും കീഴടക്കുകയാണ്. ഈ ദുരവസ്ഥയിൽനിന്നും ഉള്ള മോചനത്തിനായി ക്രൈസ്തവസഭകൾ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യരോടു സ്നേഹം ഉള്ളവർ ഒന്നിച്ചുനിന്ന് പോരാട്ടം നടത്തേണ്ട പൊതുവിഷയങ്ങളായി ഇവയെകാണേണ്ടത് അടിയന്തര പ്രാധാന്യമർഹിക്കുന്നു.

കേരളം കുറ്റകൃത്യങ്ങളുടെ സ്വന്തം നാടായി രൂപാന്തരപ്പെട്ട മുഖ്യപ്രതി നമ്മുടെ നിയമപാലകർതന്നെയാണ്. നിയമസഭയുടെ മേശപ്പുറത്തുനിന്ന് ഗർജ്ജിക്കുന്ന കണക്കുകൾ നമ്മോടു പറയുന്നു. ഒരു ഡി.ജി.പി. ഉൾപ്പടെ 22 ഉന്നത പോലീസ് ഓഫീസർമാർ ഇവിടെ ഗുരുതരമായ ക്രിമിനൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുകയോ പ്രതികളാക്കപ്പെടുകയോ ചെയ്തവരാണത്രേ! 12 സബ് ഇൻസ്പെക്ടർമാർ ബലാൽസംഗ കേസിൽ പ്രതികളാണ്. 89 പേർ കൊലക്കേസ് പ്രതികളാണ്. കേരള ക്രൈംബ്രാഞ്ച് തയ്യാറാക്കിയ പട്ടികയനുസരിച്ച് ഗുണ്ടകൾക്കു മുമ്പിൽ ദണ്ഡമസ്ക്കാരം ചെയ്യുകയോ തോറ്റുപോകുകയോ ചെയ്യുന്ന നിയമപരിപാലന സംവിധാനമാണ് കേരളത്തിന്റേത്.

കത്തിമുനയും പേശീബലവുംകൊണ്ട് ക്രിമിനലുകൾ സ്വന്തം നീതി നടപ്പാക്കുമ്പോൾ നിസ്സഹായമാകുന്നത് നമ്മുടെ നിയമവ്യവസ്ഥയും ഭരണഘടനയുമാണ്. സർക്കാർ നികുതി പിരിക്കുമ്പോൾ ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടകളും പ്രധാന നഗരങ്ങളിൽ 'ഹഫ്ത' പിരിക്കുന്നു. കൊള്ളസംഘങ്ങൾക്കും മുതലാളിമാർക്കും മണൽ, മണ്ണ്, സ്പിരിറ്റ് മാഫിയകൾക്ക് സംരക്ഷണം ഇവർ ഏറ്റെടുക്കുന്നു. കേസുകൾ തർക്കങ്ങൾ പറഞ്ഞുതീർക്കുന്നത് ഇവരാണ്. പണം കൂടിയപ്പോൾ നിസ്സാരപ്രശ്നങ്ങൾക്കും വഴക്കുകൾക്കും പകരം വീട്ടാൻ ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗപ്പെടുത്തുന്നു. ആരെ കൊന്നാലും എന്തു മോഷ്ടിച്ചാലും 'നമുക്കും കിട്ടണം പണം' എന്ന മട്ടിൽ രാഷ്ട്രീയക്കാർ നില്ക്കുകയും സംരക്ഷണം നൽകുകയും ചെയ്യുന്നു. ഭരണഘടനയും നിയമവ്യവസ്ഥയും ഉറപ്പു നൽകുന്ന സംരക്ഷണം തടയപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്യുമ്പോൾ ജനങ്ങൾക്കു നീതി വാങ്ങി കൊടുക്കേണ്ട സ്ഥാപനങ്ങളാണ് കോടതികൾ. അവയുടെ വിശ്വാസ്യതയും പ്രസക്തിയും ശോഷിക്കുന്ന ആപത്ക്കരമായ സ്ഥിതിവിശേഷങ്ങൾക്ക് കേരളം അടിക്കടി സാക്ഷിയാവുകയാണ്.

നീതിക്കുവേണ്ടിയുള്ള മനുഷ്യന്റെ ദാഹം ഒടുങ്ങാത്തതാണ്. അർഹതപ്പെട്ടതു കിട്ടുന്നതുവരെയും അതു തുടർന്നുകൊണ്ടേയിരിക്കും. മലയാളി എത്തപ്പെട്ടിട്ടുള്ള സാമൂഹിക തകർച്ചയിൽനിന്ന് അതിവേഗം അവൻ കരകയറേണ്ടിയിരിക്കുന്നു. വ്യക്തികൾ സംസ്ക്കരിക്കപ്പെടുന്ന ഒരു സമൂഹത്തിൽ മാത്രമേ കുറ്റകൃത്യങ്ങൾക്ക് തടയിടാൻ സാധിക്കുകയുള്ളു. അതിനുള്ള സംഘടിതശ്രമങ്ങൾ കേരളത്തിൽ ഉയർന്നുവരിതന്നെ വേണം. അവിടെ ജാതിയോ മതമോ കൊടിയോ നിറമോ ചിന്താവൈരുദ്ധ്യങ്ങളോ തടസ്സമാകരുത്. ●

### പേരൂർകടയിൽ ചാപ്പൽ

തിരുവനന്തപുരം: പേരൂർകടയിൽ തിരുവനന്തപുരം സെന്റ് പീറ്റേഴ്സ് കത്തീഡ്രലിന്റെ ചാപ്പൽ വി. ഗീവറുഗീസ് സഹദായുടെ നാമത്തിൽ സ്ഥാപിച്ച് ദിവ്യാരാധന ആരംഭിച്ചു.

### വിശുദ്ധനായി പ്രഖ്യാപിച്ചു

പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനിയെ പരിശുദ്ധ പാത്രയർക്കീസ് ബാവ വിശുദ്ധനായി പ്രഖ്യാപിച്ചു.

വനിതാപംക്തി

# ഓർപ്പ, രൂത്തിന് അയച്ച കത്ത്

**ഫാ. ഡാർളി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

എന്റെ എത്രയും പ്രിയപ്പെട്ട രൂത്തിന് സഹോദരി ഓർപ്പ മോവാബിൽ നിന്നും എഴുതുന്ന കത്ത്,

നാം തമ്മിൽ ചുരുങ്ങിയ നാളുകളിലെ പരിചയങ്ങളും, ബന്ധങ്ങളുമേയുള്ളൂ. നാം ഒരു ഭവനത്തിലെ ഒരു അമ്മയുടെ മരുമക്കളായി ചുരുങ്ങിയ നാളുകൾ ജീവിച്ചു. എന്നാൽ അപശകുനംപോലെ, പ്രതീക്ഷിക്കാതെ ഒന്നിനു പുറകെ ഒന്നായി ദുഃഖങ്ങൾ നമ്മുടെ വീട്ടിൽ, കൊടുങ്കാറ്റുപോലെ വീശുവാൻ തുടങ്ങി. അപ്പച്ചൻ എലീമേലെക്കിന്റെ മരണം അമ്മച്ചിയിൽ മാനുഷികമായ നിലയിൽ ദുഃഖങ്ങൾ ഉളവാക്കിയെങ്കിലും പേരുപോലെ അമ്മച്ചി സന്തോഷവതിയായിരുന്നു. രൂത്തേ, നിനക്കറിയാമല്ലോ, നമ്മൾ മോവാബ്യരുടെ ഭവനത്തിൽ ആരെങ്കിലും മരിച്ചാൽ എന്തൊരു അലമുറയാണ്. നമ്മുടെ അപ്പച്ചൻ മരിച്ചാൽ അമ്മ അതീവ ദുഃഖിതയായി കാണപ്പെടും. ഒരുപക്ഷേ മക്കളുടെ കാര്യം ഒന്നും പരിഗണിക്കാതെ അപ്പച്ചന്റെ പാതയിൽ അമ്മയുടെ ജീവിതം അവസാനിപ്പിച്ചേക്കും. എന്നാൽ അതിൽ നിന്നെല്ലാം വ്യത്യസ്തമായി ഭർത്താവിന്റെ മരണംമൂലം ഉളവാക്കിയ പ്രതിസന്ധികളെ എത്ര ധൈര്യത്തോടെയാണ് നമ്മുടെ അമ്മച്ചി നേരിട്ടത്. കുഞ്ഞുങ്ങളെ വളർത്തി പഠിപ്പിച്ച്; അവരെ പ്രാപ്തരാക്കി. എന്റെ വീട്ടിൽ തനിച്ചിരിക്കുമ്പോൾ അമ്മച്ചിയെക്കുറിച്ച് ഒരുപാട് ചിന്തിക്കാറുണ്ട്. അവർ അമ്മായിഅമ്മ ആയിരുന്നില്ല. അവർ എന്നെ പെറ്റുവളർത്തിയ അമ്മയ്ക്കു തുല്യമായിരുന്നു. രൂത്തേ, നീ കണ്ടിട്ടുണ്ടല്ലോ, നമ്മുടെ അയൽ ഭവനങ്ങളിൽ പല അമ്മായിഅമ്മമാരും മരുമക്കളോട് നടത്തുന്ന പോര്... നീറ്റിലും, നിലയിലും നിർത്താത്ത രീതികൾ... ഒരു നേരത്തെ ആഹാരം കൊടുത്തില്ലെങ്കിലും ഭർത്താവിന്റെ കയ്യിൽനിന്നും രണ്ട് തല്ല് വാങ്ങിക്കൊടുക്കുന്ന എത്ര അമ്മായി അമ്മമാർ... നമ്മുടെ അമ്മച്ചി ഇതിൽ നിന്നെല്ലാം വ്യത്യസ്തയായിരുന്നല്ലോ രൂത്തേ...? എന്നും സന്ധ്യമയങ്ങുമ്പോൾ എല്ലാവരും കൂടിച്ചേർന്ന് ന്യായപ്രമാണവും വായിച്ച്, പാട്ടുകളും പാടി പ്രാർത്ഥിച്ച് എത്ര മനോഹരമായിരുന്നു. നമ്മുടെ വീടുകളിൽ സന്ധ്യക്ക് ഇങ്ങനെ ഒരു അനുഭവം ഉണ്ടായിട്ടുണ്ടോ...? സൂര്യനസ്തമിച്ചാൽ ഉടൻ നമ്മൾ റ്റി.വി. പ്രവർത്തിപ്പിക്കും. ഒന്നിനുപിറകെ ഒന്നായി നാം എത്ര സീരിയലുകളാ കാണുന്നത്. ഇതിൽ നിന്നും നാം എന്താണ് നേടിയത്. കുറച്ച് കരണ്ട് കളഞ്ഞു. കുറച്ചുസമയം കളഞ്ഞു. കുറെ പെണ്ണുങ്ങളുടെ കരച്ചിൽ കണ്ടു. കുറെ മനുഷ്യർ, മറ്റു ചിലരെ കളിപ്പിക്കുന്നതും, വഞ്ചിക്കുന്നതും കണ്ടു. പക്ഷേ രൂത്തേ നേരത്തെ എന്റെ വീട്ടിൽ ഞാൻ ആയിരുന്നപ്പോൾ ഇതായിരുന്നു സ്ഥിതി. എന്നാൽ നൊവൊമി അമ്മച്ചിയുടെ വീട്ടിൽ വിവാഹം കഴിച്ചുവന്നതിനുശേഷം എന്തെല്ലാം നല്ല കാര്യങ്ങൾ ഞാൻ പഠിച്ചു. ഇപ്പോൾ എന്റെ വീട്ടിൽ സന്ധ്യയാകുമ്പോൾ അമ്മച്ചി നമുക്കു തന്ന ന്യായപ്രമാണം ഞാൻ വായിക്കാറുണ്ട്. അമ്മച്ചി പാടിയ പാട്ടുകൾ ഞാൻ പാടാറുണ്ട്. എനിക്ക് അറിയാവുന്ന വാക്കുകൾ പ്രാർത്ഥിക്കാറുണ്ട്. കില്യോൻ അച്ചായൻ മരിച്ചത് എന്നെ ദുഃഖിതയാക്കുന്നുവെങ്കിലും, ഈ പാട്ടും പ്രാർത്ഥനയും എനിക്ക് വളരെ ആനന്ദം നൽകുന്നു. എന്റെ അമ്മച്ചിയുടെ കൂടെ നിന്നാൽ മതിയായിരുന്നു...

എന്റെ രൂത്തേ, എടുത്തുചാട്ടം വരുത്തിവച്ചവിനയേ... 'വിനാശകാലേ വിപരീതബുദ്ധി' എന്ന് പറയുന്നതുപോലെ ഒരു ദുർബലനിമിഷത്തിൽ നമ്മുടെ അമ്മച്ചിയെ കെട്ടിപ്പിടിച്ച്, പൊട്ടിക്കരഞ്ഞ്, പെട്ടിയും എടുത്ത് എന്റെ വീട്ടിലേക്ക് പോയത് ആവശ്യമില്ലായിരുന്നു എന്ന് ഇപ്പോൾ ചിന്തിക്കുന്നു. ആ ദുർബല നിമിഷത്തെ ഓർത്ത് ഞാൻ നെടുവീർപ്പിടാറുണ്ട്. രൂത്തേ, എന്തെല്ലാം കഥകളാണ് ഓരോരുത്തർ എന്നക്കുറിച്ച് പറയുന്നത് എന്ന് നിനക്കറിയാമോ...? ഞാൻ അമ്മച്ചിയെ കെട്ടിപ്പിടിച്ച് ചുംബിച്ച് പിരിഞ്ഞതാണ് ചിലരുടെ പ്രസംഗവിഷയം. അടുത്തസമയത്ത് മോവാബിൽ ഒരു സഭാഹാളിൽ ഒരു ഉപദേശി പ്രസംഗിക്കുകയാ, ഓർപ്പ അമ്മച്ചിക്ക് കൊടുത്ത ഉമ്മ കള്ളമായിരുന്നുവെന്ന്. ഇസ്കര്യോത്തായൂദാ. യേശുവിനെ ചുംബിച്ച് പടയാളികൾക്ക് ഒറ്റിക്കൊടുത്തതുപോലെയായിരുന്നു എന്റെ ചുംബനം പോലും. രൂത്തേ, എനിക്ക് അമ്മച്ചിയെ പിരിയുന്നതിന് അല്പംപോലും ഇഷ്ടമുണ്ടായിരുന്നില്ല. ഒരു 'ബലഹീന നിമിഷത്തിൽ ഞാൻ എന്റെ ഭാവിയെക്കുറിച്ച് ചിന്തിച്ചു. അമ്മച്ചി പറയുന്നതുപോലെ അമ്മച്ചിക്ക് ഇനി പുത്രന്മാരില്ല, ഉണ്ടായാൽ തന്നെ, എന്നെക്കാൾ ആ മകൻ ഇഷ്ടപ്പെടുന്നത് നിന്നെ ആയിരിക്കും. ഞാൻ പോലും നിന്റെ സൗന്ദര്യത്തിൽ അസൂയപ്പെട്ടിട്ടുണ്ട്. സാന്ദര്യം മാത്രമോ... നിന്റെ സഹിഷ്ണുതയും, സംയമനവും എല്ലാം ഒരു കുടുംബിനിക്ക് അത്യന്താപേക്ഷിതമാണ്.

എന്റെ രൂത്തേ, ഞാൻ വീട്ടിൽ വന്നതിന് ശേഷം പല പുരുഷന്മാർ എന്നെ കാണാൻ വന്നു. അനേകരുടെ മുമ്പിൽ ഞാൻ ചായയുമായി ചെന്നുനിന്നു. ചിലർക്ക് എന്നെ ഇഷ്ടപ്പെട്ടു. ചിലർ പറയുകയാണ്, "ഞാൻ രണ്ടാം കെട്ടുകാരിയാണെന്ന്..." അത് അറിഞ്ഞശേഷമല്ലിയോ എന്നെ കാണാൻ വന്നത്. പിന്നെ എന്തിനാണ് ആ കാര്യം പറഞ്ഞ് എന്നെ വേദനിപ്പിക്കുന്നത്. ഈ അടുത്ത സമയത്ത് എന്നെ വിവാഹം കഴിക്കാൻ താത്പര്യപ്പെട്ട് ഒരാൾ വന്നു. മോവാബിലെ പള്ളിയിൽ പുരോഹിതനാണെന്നാണ് പറഞ്ഞത്. അയാളുടെ മുമ്പിലും ഞാൻ ചായയുമായി ചെന്നു. ഒളികണ്ണിട്ട് എന്നെ നോക്കി... ഇഷ്ടപ്പെട്ടിട്ടായിരിക്കാം 'പേരെന്താണ്' എന്നോട് ചോദിച്ചു. 'ഓർപ്പ' എന്ന് ഞാൻ പറഞ്ഞപ്പോൾ അങ്ങോര് ചേദിക്കുകയാ...

ഓർപ്പ എന്ന വാക്കിന്റെ അർത്ഥം അറിയാമോ എന്ന്... ഞാൻ മൗനമായി നിന്നപ്പോൾ 'ഓർപ്പ' എന്ന വാക്കിന് 'കലഹക്കാരി' എന്നാണ് അർത്ഥം എന്നയാൾ പറഞ്ഞു അതിനുശേഷം പറഞ്ഞു. 'പേരുപോലെ കലഹരിക്കാരിയാണോ...? ഞാൻ വിവാഹം കഴിച്ചാൽ എന്റെ അമ്മയോട് വഴക്ക് ഉണ്ടാക്കുമോ...? ഈ പേരിന്റെ അർത്ഥത്തെ തുണച്ചുകൊണ്ട് പല ചോദ്യങ്ങൾ എന്നോട് ചോദിച്ചു. ഒന്നിനും ഞാൻ മറുപടി കൊടുത്തില്ല. ഞാൻ നിശബ്ദയായി നിന്നു. ഒരു ഉറച്ച തീരുമാനം എടുത്തു. ഏതായാലും അയാളുമായുള്ള വിവാഹജീവിതം ശരിയായകുകയില്ല. ആവശ്യമുള്ളതിനും ഇല്ലാത്തതിനും എല്ലാം അയാൾ കുറ്റം കണ്ടു പിടിക്കുന്നവനാണ്...

രൂത്തേ... നിനക്കു ലഭിച്ച ചില നന്മകളെക്കുറിച്ച് ഞാൻ കേട്ടു. നമ്മുടെ അപ്പച്ചന്റെ കുടുംബത്തിൽപ്പെട്ട ഒരു മഹാ ധനികൻ നിന്നെ വിവാഹം കഴിച്ചെന്ന്... ഞാൻ സത്യം പറയാം നിനക്ക് ലഭിച്ച നന്മയിൽ എനിക്ക് സന്തോഷപ്പുണ്ടെങ്കിലും എനിക്ക് അസൂയ ഉണ്ട്. പക്ഷേ ഇത് കൂടുതൽ ചിന്തിക്കുന്നതിന് എനിക്ക് പ്രേരണ നല്കി. ഇന്നും എന്റെ കാതുകളിൽ നീ അമ്മച്ചിയോട് പറഞ്ഞ വാക്കുകൾ അലയടിക്കുന്നുണ്ട്. "നിന്നെ വിട്ടുപിരിയുവാനും, നിന്റെ കൂടെ വരാതെ മടങ്ങിപ്പോകാനും എന്നോട് പറയരുതേ... നീ പോകുന്ന ഇടത്ത് ഞാനും പോരും. നീ പാർക്കുന്ന ഇടത്ത് ഞാനും പാർക്കും, നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം... 'രൂത്തേ... നീ ഇത് പറഞ്ഞപ്പോൾ ഞാന് എന്റെ ഉള്ളിൽ നിന്നെ പുച്ഛിച്ച് ചിന്തിച്ചു. കുറച്ചുദിവസം കഴിയുമ്പോൾ നീ എടുത്ത ഈ തീരുമാനത്തെക്കുറിച്ച് അനുതപിക്കും ഞാൻ ഉള്ളത്തിൽ പറഞ്ഞു. അമ്മായിയമ്മയെ സോപ്പിട്ട് എന്തെങ്കിലും തട്ടിയെടുക്കാനുള്ള ഒരു തന്ത്രമായിട്ടു മാത്രമേ നിന്റെ ഈ തീരുമാനത്തെ ഞാൻ കണ്ടുള്ളൂ. പക്ഷേ നിന്റെ തീരുമാനം ശരിയായിട്ടുള്ള തീരുമാനമായിരുന്നു എന്ന് ഇപ്പോൾ മനസ്സിലാക്കുന്നു.

എന്റെ രൂത്തേ, ഞാൻ ഇപ്പോൾ അനുഭവിക്കുന്ന എല്ലാ ദുഃഖങ്ങൾക്കും കാരണം മുൻപോട്ടുവച്ച കാൽ പുറകോട്ട് വലിച്ചതുകൊണ്ടാണ്. അതേ എന്റെ തീരുമാനത്തിൽ ഉറച്ചുനിൽക്കാത്തതുകൊണ്ടാണ്. താല്ക്കാലിക നന്മയ്ക്കുവേണ്ടി, ക്ഷണികമായ ജീവിതത്തിനുവേണ്ടി, നന്മകൾ നൽകുന്ന ദൈവത്തെ ഉപേക്ഷിച്ചു. ഞാൻ ഇപ്പോഴും പഴയതുപോലെ പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് ഒരു മടങ്ങിവരവാണെന്ന് എനിക്ക് ബോദ്ധ്യമാകുന്നു.

അമ്മച്ചിയോട് അടുത്തു നിന്നതുകൊണ്ട് നിന്നെക്കുറിച്ച് അമ്മച്ചിക്ക് കരുതലുണ്ടായി. ഞാൻ കരുതി, അമ്മച്ചിയെവിട്ടിട്ട് എന്റെ വീട്ടിലേക്ക് മടങ്ങിച്ചെന്നാൽ, എന്റെ ആങ്ങളമാർ എന്തെങ്കിലും ക്രമീകരണം എനിക്ക് ചെയ്യുമെന്ന്... പക്ഷേ അവർ ഇപ്പോൾ അവരുടെ ഭാര്യമാരുടെ വലയത്തിലാണ്. അവർ ഉപദേശിക്കുന്നതിന് അണുവിടയ്ക്ക് അവർ മാറുകയില്ല. എന്റെ രൂത്തേ... ഒരിക്കൽ ഒരു നാത്തൂൻ പറയുന്നത് എന്റെ ചെവികൾകൊണ്ട് കേട്ടതാ... അവളെ കെട്ടിച്ചുവിട്ടതല്ലിയോ, പിന്നെ എന്തിനാ ഇവിടെ നിൽക്കുന്നത്. അവൾ ഇവിടെ നിന്നാൽ നമ്മുടെ കുടുംബജീവിതത്തിന്റെ സ്വൈര്യതപോലും കെടുത്തും. വിധവമാരെ സംരക്ഷിക്കുന്ന പല സ്ഥാപനങ്ങളും ഇന്നുണ്ട്. എന്തെങ്കിലും അല്പം പണം നിങ്ങൾ ആങ്ങളമാരെല്ലാം കൂടി എടുത്ത് ആ ശകുനിയെ അവിടെ കൊണ്ട് ചെന്നാക്ക്... ഈ വാക്കുകൾ കേട്ടതിനു ശേഷം ഒരു നിമിഷംപോലും ഈ വീട്ടിൽ നിൽക്കുവാൻ എനിക്ക് താല്പര്യമില്ല. എന്റെ രൂത്തേ, ദൈവത്തേ ഉപേക്ഷിച്ചവർക്ക് ഇത്രകഠിനമായ ശിക്ഷയാണോ ഉണ്ടാകുന്നത്... കലപ്പയ്ക്ക് കൈവച്ചശേഷം പുറകോട്ട് തിരിഞ്ഞു നോക്കുവാൻ പാടില്ലെന്ന് ഇപ്പോൾ മനസ്സിലാക്കുന്നു. പണ്ടൊരിക്കൽ നമ്മുടെ അമ്മച്ചിയുടെ ബന്ധത്തിൽപെട്ട ലോത്ത് അപ്പച്ചന്റെ ഭാര്യ ഇതുപോലെ ഭൗതീക നന്മയെക്കരുതി പുറകോട്ടു തിരിഞ്ഞുനോക്കി. ഉപ്പുതൂണായ കഥ അമ്മച്ചി നമ്മളോട് പറഞ്ഞത് ഞാൻ ഇപ്പോൾ ഓർക്കുന്നു. പാട്ടും പ്രാർത്ഥനയും കൊണ്ടുമാത്രം ദൈവപ്രസാദമുണ്ടാകുകയില്ല. യഥാർത്ഥ തീരുമാനത്തിലാണ് ദൈവം പ്രവർത്തിക്കുന്നതെന്ന് നിന്റെ അനുഭവത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്നു.

ഞാൻ ഒരുപാട് എഴുതി എന്ന് തോന്നുന്നു. ചുരുക്കട്ടെ രൂത്തേ... ഞാൻ ദൈവസന്നിധിയിൽ മടങ്ങിവരുവാൻ താല്പര്യപ്പെടുകയാണ്. നിന്റെ തീരുമാനത്തെപോലെ ഒരു യഥാർത്ഥ തീരുമാനം ഞാൻ എടുക്കുവാൻ ആഗ്രഹിക്കുകയാണ്... ദൈവത്തോട് പറ്റിയിരുന്നാൽ ദൈവം വിടുവിക്കും... നാമത്തെ അറിഞ്ഞാൽ ദൈവം ഉയർത്തും എന്ന് അമ്മച്ചി പറഞ്ഞത് ഞാൻ ഓർക്കുന്നു. രൂത്തേ... അമ്മച്ചിയെ പ്രത്യേകം അന്വേഷണം അറിയിക്കണം. എനിക്കമ്മച്ചിയെ നേരിൽ കണ്ട് വന്നുപോയ തെറ്റിനെക്കുറിച്ച് പറയണം. അമ്മച്ചിയോടും നിന്നോടും ചേർന്ന് പഴയതുപോലെ ഒന്ന് പ്രാർത്ഥിക്കണമെന്നാഗ്രഹമുണ്ട്. നീ എനിക്കായി പ്രാർത്ഥിക്കണെ. ഞാനും അറിയാവുന്ന വാക്കുകളിൽ പ്രാർത്ഥിക്കാം. ബോവസച്ചായനേയും എന്റെ വന്ദനം അറിയിക്കേണമെ. കഴിയുമെങ്കിൽ ബോവസച്ചായന്റെ വയലിൽ കാലാ പെറുക്കുവാനെങ്കിലും ഒരു ജോലി ക്രമീകരിച്ചുതാ....

സസ്നേഹം സഹോദരി ഓർപ്പ ●

### മല്ലപ്പള്ളിയിൽ കോൺഫറൻസ് റിട്രീറ്റ് സെന്റർ

തിരുവല്ല മല്ലപ്പള്ളിക്ക് സമീപം മാർ ഗ്രീഗോറിയോസ് മൗണ്ടിൽ കോൺഫറൻസ് റിട്രീറ്റ് സെന്ററിനുവേണ്ടി പുറമറ്റം വടക്കേടത്ത് കുടുംബം രണ്ടര ഏക്കർ വസ്തു നിരണം ഭദ്രാസനത്തിന് നല്കി.

### ഫ്യൂജറായിൽ യാക്കോബായ പള്ളിക്ക് തറക്കല്ലിട്ടു

അറേബ്യൻ ഗൾഫിൽ ഫ്യൂജറായിൽ യാക്കോബായ പള്ളിക്ക് അനുവദിച്ച സ്ഥലത്ത് ശ്രേഷ്ഠ കാതോലിക്കാ ബാവ പള്ളിക്ക് തറക്കല്ലിട്ടു.

# സ്ളീബാ പെരുന്നാൾ (സെപ്റ്റംബർ 14)

(മർക്കോസ് 24:1-35; മർക്കൊ. 13:1-33; ലൂക്കൊ. 21:5-28)

ഈ ദിവസത്തെ സന്ധ്യയുടേയും പ്രഭാതത്തിന്റേയും സുവിശേഷ വായനകൾ ലോകാവസാനത്തേക്കുറിച്ചും കർത്താവിന്റെ രണ്ടാമത്തെ വരവിനേക്കുറിച്ചുമായിരുന്നു. വി. കുർബാനയുടെ ഏവൻഗേലി വായന യരുശലേമിന്റെ നാശത്തെക്കുറിച്ചും ലോകാവസാനത്തിന്റെ ലക്ഷണങ്ങളെക്കുറിച്ചുമാണ്.

അവസാനനാളിൽ ജാതി ജാതിയോട് കലഹിക്കാം. യുദ്ധങ്ങളും യുദ്ധഭീതികളും ഭൂമികുലുക്കവും ഉണ്ടാകും. കള്ളക്രിസ്തുക്കൾ എഴുന്നേൽക്കും. അവർ പല അടയാളങ്ങൾ കാണിച്ചു പലരേയും തെറ്റിക്കും. ദിവന്നാസ്യോസ് ബർസ്ളീബി ആ നാളുകളേക്കുറിച്ച് പറയുന്നുണ്ട്. ആ നാളുകളിൽ ചിലർ പ്രസവിക്കുന്ന കുട്ടികൾ ജനിച്ച ഉടൻതന്നെ പ്രായപൂർത്തിയായവരേപ്പോലെ എഴുന്നേറ്റിരുന്നു സംസാരിക്കും. ഇതാ ക്രിസ്തു ഇവിടെ എന്നും അവിടെയെന്നും അവിടെയെന്നും ആ നാളുകളിൽ വല്ലവരും പറയുന്നതു കേട്ട് നിങ്ങൾ പുറപ്പെടരുത്. കർത്താവിന്റെ വരവ് പരസ്യമായിട്ടായിരിക്കും ഉണ്ടാകുന്നത്. മിന്നൽ ആകാശത്തിൽ ഒരറ്റം മുതൽ മറ്റേ വരെ കാണപ്പെടുന്നതുപോലെയായിരിക്കും മനുഷ്യൻപുത്രന്റെ വരവും. രഹസ്യമായിട്ടായിരിക്കയില്ല അതിനു മുമ്പായി കർത്താവിന്റെ അടയാളം ആകാശത്തിൽ കാണും എന്നു ഏവൻഗേലയോനിൽ പറഞ്ഞിരിക്കുന്നത് തന്റെ കുരിശടയാളമായിരിക്കുമെന്നാണ് വ്യാഖ്യാനിക്കപ്പെടുന്നത്.

കർത്താവിന്റെ വരവിനു മുമ്പായി കള്ളപ്രവാചകന്മാരും കള്ളക്രിസ്തുവും വരും. യരൂശലേം ദേവാലയത്തിൽ അവൻ സിംഹാസനത്തിന്മേൽ ഇരിക്കും. അപ്പോൾ ക്രിസ്തുവിന്റെ പ്രവാചകന്മാർ എഴുന്നേറ്റു അവനോടും അവന്റെ പ്രവാചകന്മാരോടും എതിർക്കും. യഥാർത്ഥക്രിസ്തു വന്ന് കള്ളക്രിസ്തുവിനെ നശിപ്പിക്കും.

ആ നാളുകളിൽ തിരഞ്ഞെടുക്കപ്പെട്ടവർ പോലും വഞ്ചിക്കപ്പെടും. സൂര്യൻ ഇരുണ്ടുപോകും ചന്ദ്രൻ രക്തനിറമാകും. ആകാശത്തിലെ ശക്തികൾ ഇളകി നക്ഷത്രങ്ങൾ പൊഴിയും. മഹാമാരിയുണ്ടാകും. നിങ്ങൾ നാടുവാഴികളുടെ മുമ്പാകെയും അധികാരികളുടെ മുമ്പാകെയും കൂട്ടിക്കൊണ്ടുപോകപ്പെടും. അപ്പോൾ നിങ്ങൾ എന്തു പറയേണ്ട എന്നു വിചാരപ്പെടേണ്ടാ. പറവാനുള്ളത് നിങ്ങൾക്ക് നൽകപ്പെടും.

കർത്താവ് മഹത്വത്തോടുകൂടെ ആകാശമേഘങ്ങളിൽ വരും. തന്റെ ദൂതന്മാരെ അയച്ച് ലോകത്തിന്റെ നാലു ദിക്കുകളിൽ നിന്നും തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിച്ചേർക്കും. ആ നാളിൽ പലുരം കുന്നുകളേ ഞങ്ങളെ മൂടിക്കൊള്ളുവിൻ, മലകളേ ഞങ്ങളെ മറച്ചുകൊൾവീൻ എന്നു പറഞ്ഞുകൊണ്ട് നിലവിളിക്കും, പക്ഷേ അവർക്ക് കർത്താവിന്റെ മഹത്വത്തിന്റെ മുമ്പിൽ നിന്ന് മറവായിരിക്കാൻ കഴിയുകയില്ലതാനും. ആ സമയത്ത് ആകാശത്തിൽ കുരിശടയാളം കാണപ്പെടുമത്രെ.

കർത്താവിന്റെ കുരിശു കണ്ടെടുത്തതിന്റെ പെരുന്നാളാണ് ഇന്നു നമ്മൾ കൊണ്ടാടുന്നത്. ആകയാൽ കർത്താവിന്റെ ക്രൂശിനെക്കുറിച്ചുള്ള ചരിത്രവും ഐതിഹ്യങ്ങളും ഈ അവസരത്തിൽ നമുക്ക് ചിന്താവിഷയമാകണം.

കുസ്തന്തീനോസ് രാജാവ് പുറജാതിക്കാരനായിരുന്നു. അദ്ദേഹം അയൽ രാജ്യവുമായി യുദ്ധത്തിൽ ഏർപ്പെട്ടു വളരെ വിഷമിച്ചിരിക്കുമ്പോൾ ആകാശത്തിൽ കുരിശിന്റെ അടയാളം കണ്ടു. രാജാവ് കുരിശുണ്ടാക്കി അതു മുന്നിൽ പിടിച്ചു സൈന്യങ്ങളെ അയച്ചു. അവർ ശത്രുക്കളെ ജയച്ചു. അതുനിമിത്തം അദ്ദേഹം കർത്താവിൽ വിശ്വസിച്ചു മാമോദീസാ മുങ്ങി. അദ്ദേഹത്തിന്റെ കുടുംബം മുഴുവൻ വിശ്വസിച്ചു ക്രിസ്ത്യാനികളായിത്തീർന്നു.

രാജാവ് ക്രിസ്ത്യാനി ആയതോടുകൂടി ക്രിസ്തുമാർഗ്ഗം രാജകീയ മതമായി, പരസ്യമായി ദേവാലയങ്ങൾ വയ്ക്കാറായി, പുരോഹിതന്മാർ ബഹുമാന്യരായി രാജതുല്യം അതിലെ മേൽ പട്ടക്കാർക്ക് പദവിയുമുണ്ടായി. രാജാവും ഹേലെനി രാജ്ഞിയും കൂടി കർത്താവിന്റെ കുരിശു എവിടെയാണെന്നന്വേഷണമായി. അവർ യരുശലേമിൽ എത്തി അന്വേഷിച്ചു. അവിടെയുള്ളവർ യൂദാ എന്നു പേരുള്ള ഒരു വൃദ്ധൻ അവിടെയുണ്ട്. അയാളെ വിളിച്ചു ചോദിച്ചാലറിയാം എന്നു അവരോടു പറഞ്ഞു. അയാളെ രാജാവു വരുത്തി ചോദിച്ചു. അയാൾ പറഞ്ഞത് ഗോഗുൽത്തായിൽനിന്ന് വളരെ അകലമില്ലാത്ത ഒരു ചെളിക്കുളത്തിൽ അതു കിടപ്പുണ്ടായിരിക്കുമെന്നാണ്. ഉടനെ കുസ്തന്തിനോസും ഹേലെനി രാജ്ഞിയും അവിടെ ചെന്നു. ചെളിക്കുളത്തിലിറങ്ങി തപ്പിനോക്കാൻ ജനങ്ങളോടാവശ്യപ്പെട്ടെങ്കിലും ആരും അതിന് സമ്മതിച്ചില്ല.

അപ്പോൾ രാജ്ഞി കുറേ സ്വർണ്ണനാണയങ്ങളെടുത്ത് ചെളിക്കണ്ടിലേക്ക് എറിഞ്ഞിട്ടു ആർക്കുവേണമെങ്കിലും എടുത്തുകൊള്ളാം എന്നു പറഞ്ഞു. ഉടനെ ആളുകൾ അതിൽ ചാടി തപ്പുതുടങ്ങി. തപ്പിചെന്ന് അടിയിൽ നിന്ന് മൂന്നു കുരിശുകൾ പുറത്തേക്കെടുത്തു. അതിൽ കർത്താവിനെ തൂക്കിയ കുരിശ് എതാണെന്നറിയാതെ എല്ലാവരും വിഷമിച്ചു. അപ്പോൾ മരിച്ച ഒരാളുടെ ശവം അതുവഴി ചിലർ കൊണ്ടുപോയി. അവർ ആ ശവം കൊണ്ടുവരാൻ പറഞ്ഞു. ഓരോ കുരിശും മാറി മാറി ആ ശവത്തിന്റെ മീതെ വച്ചുനോക്കി. അപ്പോൾ അതിൽ ഒരു കുരിശ് മരിച്ചവനെ ജീവിപ്പിച്ചു. അവൻ എഴുന്നേറ്റു നടന്നു.

ജനങ്ങളും രാജാവും സന്തോഷം കൊണ്ടാർപ്പിട്ടു! ആ കുരിശ് കർത്താവിനെ തൂക്കിയ കുരിശാണെന്ന്

എല്ലാവർക്കും ബോധ്യമായി. രാജാവ് ഒരു പ്രത്യേക പള്ളി അതിനായി പണിത് ആ കുരിശ് അതിൽ സ്ഥാപിച്ചു. വളരെ നാൾ അത് അവിടെ സ്ഥിതിചെയ്തു. അനന്തരം ആ കുരിശിന്റെ ഓരോ ഭാഗം ഭക്ത ജനങ്ങൾ മുറിച്ചും പൊളിച്ചും, നുള്ളിയും കൊണ്ടുപോയി കുരിശുതീർന്ന് നഷ്ടപ്പെട്ടുപോയി. ഇപ്പോൾ ഒട്ടും അവിടെയില്ല.

കർത്താവിന്റെ കുരിശു ഇങ്ങനെ കണ്ടെത്തിയത് സെപ്റ്റംബർ (കന്നി) 14-ാനുയാണെന്നാണ് ചരിത്രം. അതനുസരിച്ച് ആ ദിവസം നമ്മുടെ സഭ പെരുന്നാളി ആഘോഷിക്കുന്നു. ചിലർ ഇതിനെ പുത്തിരി പെരുനാളെന്നും പറയുന്നു. കൊയ്തെടുക്കുന്ന പുന്നെല്ലിൽ നിന്ന് അവലിടിച്ചും മലർപൊട്ടിച്ചും അന്ന് പള്ളിയിൽ കൊണ്ടുവന്ന് നേർച്ചയായി വിളമ്പുന്ന പതിവ് ചില പള്ളികളിലുണ്ട്.

കുരിശ് ജയത്തിന്റെ അടയാളമാകുന്നു. അത് ശത്രുവിന്റെ നേരെ തേല്ക്കാത്ത ആയുധമാണ്. രാത്രിയിൽ പേടിയാകാതിരിക്കാൻ ചിലർ കുരിശു വരയ്ക്കുന്നു "കുരിശു കൂദാശ" എന്നു ചിലർ പറയുന്നത് തെറ്റാണ്. കുരിശിനു പ്രതി ഷ്ടയുമുണ്ട്. കുരിശു സ്ഥാപിക്കാം. കുരിശു കൈവെപ്പുള്ള മേൽപ്പട്ടക്കാരനോ പട്ടക്കാരനോ ആഘോഷിച്ചു തരുമ്പോൾ സ്വീകാര്യമാകുന്നു. വിശ്വാസ വിപരീതകളുടെ കുരിശിനു മുമ്പിൽ മുത്തരുത്, അവിടെ വഴിപാടിടരുത്.

തൂങ്ങിക്കിടക്കുന്ന ക്രിസ്തുവിഗ്രഹത്തോടുകൂടിയ കുരിശുകൾ കത്തോലിക്കരെപ്പോലെ വിവേചനം കൂടാതെ നമ്മുടെയാളുകൾ (അച്ചന്മാരും, റമ്പാച്ചന്മാരും...) വാങ്ങി ഉപയോഗിക്കയും ആദരവോടെ സൂക്ഷിക്കയും മുത്തുകയും ചെയ്യുന്നത് തെറ്റും നിഷിധ്യവും വിഗ്രഹം ദൈവകല്പനയ്ക്ക് വിരുദ്ധവും അതു ക്രിസ്തു വിഗ്രഹമായാലും അങ്ങനെയാണ്. കർത്താവിന്റെ ക്രൂശ് നമ്മെ കാക്കട്ടെ.

**സ്ളീബായുടെ ശേഷം ഒന്നാം ഞായറാഴ്ച**

**(ലൂ. 17:20-37; മത്തായി 24:36-51; മാർക്കൊ. 13:30-37)**

ഇന്നത്തെ ഏവൻഗേലിവായനയും കർത്താവിന്റെ രണ്ടാമത്തെ വരവ് പെട്ടെന്നുണ്ടാകും. ആകയാൽ നിങ്ങൾ ഉണർന്നിരിപ്പിൻ.

കള്ളൻ ഏതു യാമത്തിൽ വരുമെന്ന് നിശ്ചയമില്ലാത്തതു പോലെയാണ കർത്താവിന്റെ വരവ്. അർദ്ധ രാത്രിയിലോ കോഴി കൂകുമ്പോഴോ ഏതു യാമത്തിൽ വരുമെന്നറിഞ്ഞു ഉണർന്നു കാത്തിരിപ്പിൻ. ലോത്തിന്റെ കാലത്ത് അഗ്നിയും ഗന്ധകവും സോദോം ഗോമോറാ പട്ടണങ്ങളെ നശിപ്പിച്ചതു പോലെ അതു പെട്ടെന്നു സംഭവിക്കും ജനങ്ങൾ അശ്രദ്ധരായി തിന്നും കുടിച്ചും ദൈവഭയമില്ലാതെ ജീവിച്ചു പെട്ടെന്നു എല്ലാവരേയും മൂടിക്കളഞ്ഞു. അപ്രകാരം കർത്താവിന്റെ രണ്ടാമത്തെ വരവ് സംഭവിക്കും.

ആ സമയത്ത് വയലിൽ നിൽക്കുന്നവൻ തന്റെ വസ്ത്രമെടുക്കാൻ വീട്ടിലേക്ക് പോകും. പുരപ്പുറത്തിരിക്കുന്നവൻ തന്റെ സാമാന മെടുക്കാൻ അകത്തേക്കിറങ്ങിപോകും. യജമാൻ വരുമ്പോൾ സന്നദ്ധരായിരിക്കുന്ന ദാസന്മാരെപ്പോലെ നിങ്ങൾ ആകുവിൻ അലസന്മാരായി കണ്ടെത്തപ്പെടരുത്. അർത്ഥരാത്രിയിൽ മണവാളൻ വന്നപ്പോൾ എണ്ണയും ഒഴിച്ച് കാത്തിരുന്ന കന്യകമാരേപ്പോലെ നമ്മൾ സുകൃതങ്ങളാകുന്ന എണ്ണയൊഴിച്ച് നമ്മുടെ ആത്മാക്കളാകുന്ന വിളക്കു തെളിച്ച് മണവാളനാകുന്ന കർത്താവിനെ എതിരേല്ക്കാൻ കാത്തിരിക്കണം. അപ്രകാരം ഒരുക്കമുള്ള ദാസന്മാരെപ്പോലെയും ബുദ്ധിയുള്ള കന്യകമാരെപ്പോലെ നാം ആകണം.

ബുദ്ധിയില്ലാത്ത കന്യകമാരേപ്പോലെ നമ്മൾ ആയിരിക്കരുത്. തന്റെ യജമാൻ വരും എന്നുപറഞ്ഞ് തന്റെ കൂട്ടുകാരെ തല്ലുവാനും അടിക്കുവാനും, മദ്യപന്മാരോടൊപ്പം കുടിക്കുവാനും തുടങ്ങിയ ദാസനേപ്പോലെ നമ്മൾ ആകരുത്.

ആ നാളിൽ കർത്താവ് വരുമ്പോൾ ചിലരെ തന്റെ കൂടെ സ്വീകരിച്ചുകൊണ്ടുപോകും. ചിലർ ഉപേക്ഷിക്കപ്പെടും. രണ്ടു സ്ത്രീകൾ ഒരു തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കും. ഒരാൾ സ്വീകരിക്കപ്പെടും മറ്റവൾ ഉപേക്ഷിക്കപ്പെടും. രണ്ടുപേർ ഒരു കട്ടിലിൽ കിടക്കും ഒരുവൾ സ്വീകരിക്കപ്പെടും മറ്റവൾ ഉപേക്ഷിക്കപ്പെടും.

ആ നാഴികയേക്കുറിച്ചോ ആരും അറിയുന്നില്ല. സ്വർഗ്ഗത്തിലെ ദൂതന്മാർപോലും. മനുഷ്യപുത്രനും അറിയുന്നില്ല. സ്വർഗ്ഗത്തിലെ പിതാവല്ലാതെയാരും അറിയുന്നില്ല. എന്നാൽ അതിന്റെ സൂചനകളും മുൻകുറികളും കാണുമ്പോൾ നമ്മൾ ഗ്രഹിച്ചുകൊള്ളണം. അത്തി തളിർക്കുമ്പോൾ വേനൽ വരുമെന്ന് പറയുന്നതുപോലെ ആ കാലത്തിന്റെ അടയാളം നമ്മൾ തിരിച്ചറിയണം.

കർത്താവ് വരുന്നതെപ്പോഴെന്നോ നമ്മുടെ മരണമെപ്പോഴെന്നോ നിശ്ചയമില്ലാത്തതിനാൽ ദൈവഹിത പ്രകാരം ക്രമീകരിച്ച് നമ്മൾ ജീവിക്കണം. ജീവിതത്തിൽ പാപങ്ങളും തെറ്റുകളും, വഴക്കും, അധർമ്മവും കാണരുത്. എത്രയം നേരത്തെ താന്താന്റെ പാപങ്ങളേക്കുറിച്ച് അനുതപിക്കയും വഴക്കുകൾ പറഞ്ഞു തീർക്കുക. പാപമോചനം പ്രാപിച്ച് ഒരുങ്ങിയിരിക്കയും വേണം. കർത്താവു രണ്ടാമതുവരും. അതിനകം ഒരുങ്ങിക്കൊള്ളാമെന്നോ, എനിക്ക് ആയുസ്സ് ഇനിയും ഉണ്ട് ഒരുങ്ങിക്കൊള്ളാമെന്നോ ചിന്തിച്ച് ജീവിതം ക്രമക്കേടായും അലക്ഷ്യമായി നടക്കുന്നവർ കർത്താവ് വരുമ്പോൾ പരിഭ്രാന്തരായി പരക്കം പായും! അന്നു കൂട്ടുകാരനും രക്ഷിപ്പാൻ കഴിയുകയില്ല. നീ സമ്പാദിച്ചതു മുഴുവനും നിന്നെ സഹായിപ്പാൻ കഴിയുകയില്ല. ബന്ധുമിത്രാദികൾക്ക് നിന്നെ തുണപ്പാൻ കഴിയുകയില്ല. കുന്നുകളെ ഞങ്ങളെ മൂടി എന്നോ മലകളേ ഞങ്ങളെ മറച്ചുകൊള്ളുവിൻ എന്നോ പറഞ്ഞാൽ ഫലമുണ്ടാകില്ല. മഹത്വപ്രകാശം ഉദിക്കുമ്പോൾ പലർക്കും അതിന്റെ മുമ്പിൽ നിൽപ്പാൻ ഇട വരും.

തുടരും...

യാത്രവിവരണം

# വി. ഗ്രന്ഥവും വി. നാടുകളും

**കെ.ഒ. ഫിലിപ്പ് കൈപ്പൂർ**

കഫർനഹൂം സിനഗോഗിനെപ്പറ്റി വി. ഗ്രന്ഥത്തിൽ, ഇപ്രകാരം കാണാം. *"അവൻ കഫർനഹൂമിലെത്തി. താമസിയാതെ ശാബതു നാളിൽ, അവരുടെ സംഘാലയങ്ങളിൽ താൻ പഠിപ്പിച്ചു വന്നു. തന്റെ ഉപദേശങ്ങളിൽ ജനം അത്ഭുതപ്പെട്ടു. എന്തെന്നാൽ, അവരുടെ സപ്രേന്മാരേപ്പോലെയല്ല; അധികാരമുള്ളവനെപ്പോലെയത്രെ, അവരെ പഠിപ്പിച്ചത്" (മർ. 1:21-22). "അനന്തരം താൻ അവിടെ നിന്ന് പുറപ്പെട്ട് സ്വന്ത നഗരിയിൽ വന്നു. ശിഷ്യരും കൂടെയുണ്ടായിരുന്നു. ശാബതായപ്പോൾ താൻ സംഘാലയത്തിൽ പഠിപ്പിച്ചു തുടങ്ങി. കേട്ടിരുന്ന അനേകർ അത്ഭുതപ്പെട്ടു" (മർ. 6:1-2).* യേശു പല പ്രാവശ്യം വരികയും, പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്ത സ്ഥലമാണല്ലോ ഇത് എന്ന് അവിടെ നിന്നപ്പോൾ ഓർത്തു. കർത്താവിന്റെ പാദസ്പർശമേറ്റ പുണ്യഭൂമി. *"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു" (മത്താ. 5:13)* എന്നു തുടങ്ങുന്ന പ്രബോധനങ്ങൾ കൊടുത്തത് ഈ സിനഗോഗിൽ വച്ചായിരുന്നു. ഇവിടെ വച്ച് അനേക രോഗികളെ സൗഖ്യമാക്കിയിട്ടുണ്ട്. പല അത്ഭുത പ്രവൃത്തികളും ചെയ്തിട്ടുണ്ട് (മർക്കോ. 1:21-28; ലൂക്കോ. 4:31-37 കാണുക).

എ.ഡി. 70-ലെ യറുശലേം ദൈവാലയ നശീകരണത്തോട് അനുബന്ധിച്ച്, പാലസ്തിനിലെ മിക്കവാറും എല്ലാ സംഘാലയങ്ങളും നശിപ്പിക്കപ്പെട്ടിരുന്നു. എന്നാൽ കഫർനഹൂമിലെ ഈ സിനഗോഗ് ഭാഗീകമായെങ്കിലും നിലനിന്നു. ഈ സിനഗോഗിന്റെ പുറകുവശത്തെ ഭിത്തിയുടെ ഒരു ഭാഗത്തെ, പകുതി ഉയരം വരെയുള്ള ഭിത്തി മുഴുവനായും, വലത്തു വശത്തെ മുക്കാൽ ഭാഗങ്ങളും തൂണുകളും മാത്രം അവശേഷിക്കുന്നു. സിനഗോഗിന്റെ പൂമുഖത്തെയും, പ്രാകാരത്തെയും തൂണുകൾ മുറിഞ്ഞ് നിൽക്കുന്നു. വലിയ കല്ലുകൾ പാകിയിരിക്കുന്ന തറ അതേപോലെ തന്നെ. ചിലയിടങ്ങളിൽ അമർന്ന് താണിട്ടുണ്ട്. ഞങ്ങൾ കുറെ സമയം അവിടെ വിശ്രമിച്ചു. മേൽക്കൂര ഒട്ടും തന്നെയില്ല. മൂന്നു വാതിലുകൾ ഈ സംഘാലയത്തിനുണ്ടായിരുന്നു. സ്ത്രീകൾക്കായി പ്രത്യേക സ്ഥലം സജ്ജീകരിച്ചിട്ടുണ്ട്. "Synagogue of Jesus"എന്നൊരു ബോർഡ് മാർബിളിൽ കൊത്തിയെടുത്ത് ഇതിന്റെ കിഴക്കെ ഭിത്തിയിൽ ഉറപ്പിച്ചിരിക്കുന്നു. സിനഗോഗുകളുടെ നാശത്തെപ്പറ്റി ഒരു പ്രവചനം പഴയനിയമത്തിൽ ഇപ്രകാരം കാണുന്നു. *"നാം അവരെ നശിപ്പിച്ചു കളക എന്ന് അവർ ഉള്ളംകൊണ്ട് പറഞ്ഞു. ദേശത്തിൽ ദൈവത്തിന്റെ എല്ലാ പള്ളികളെയും ചുട്ടുകളഞ്ഞു" (മസുമൂർ 74:8).* സിനഗോഗിനെപ്പറ്റി പുതിയ നിയമത്തിൽ 56 പ്രാവശ്യം പരാമർശിക്കുമ്പോൾ പഴയനിയമത്തിൽ കാണുന്ന ഏക പരാമർശം ഇതാണ്.

ശിൽപ ചാതുരി നിറഞ്ഞു നിൽക്കുന്ന ഇതിന്റെ തൂണുകൾ പ്രത്യേകം ശ്രദ്ധയാകർഷിക്കും. യെറുശലേമിൽ നിന്നുകൊണ്ട് വന്ന വെണ്ണക്കല്ലുകൾ കൊണ്ടാണ്, ഈ സംഘാലയം നിർമ്മിച്ചിരിക്കുന്നത്. 100 അടി നീളവും 66 അടി വീതിയും ഇതിനുണ്ട്. മിക്ക സംഘാലയങ്ങളും ചതുരാകൃതിയിൽ ആയിരിക്കും. യറുശലേമിൽ തന്നെ യഹൂദന്മാർക്ക് 480 സംഘാലയങ്ങളും, 12,000 പുരോഹിതന്മാരും ഉണ്ടായിരുന്നതായി ചരിത്രഗവേഷകർ പറയുന്നു. പാലസ്തീനിലെ സംഘാലയങ്ങളുടെ കണക്ക് തിട്ടമില്ല. യിസ്രായേലിലെ ഏറ്റവും പഴക്കം ചെന്ന സംഘാലയമാണ്, കഫർനഹൂമിലേത്.

**പത്രോസിന്റെ ഭവനം (House of St. Peter)**

*"താൻ സംഘാലയത്തിൽ നിന്ന് പുറപ്പെട്ട് യാക്കോബും യോഹന്നാനും ഒരുമിച്ച് ശെമഓന്റെയും അന്ത്രയോസിന്റെയും ഭവനത്തിൽ എത്തി" (മർ. 12:29).* കഫർനഹൂം സിനഗോഗിന്റെ വളരെ അടുത്താണ്, പത്രോസിന്റെ വീട് സ്ഥിതിചെയ്തിരുന്നത്. സംഘാലയത്തിൽ നിന്ന് ഞങ്ങൾ പത്രോസിന്റെ വീടിരുന്ന സ്ഥലത്തേക്ക് നീങ്ങി. യേശു സിനഗോഗിൽ വന്നിരുന്ന സമയത്തും അല്ലാതെയും, പല പ്രാവശ്യം ശീമോന്റെ ഭവനത്തിൽ വരികയും താമസിക്കുകയും ചെയ്തിട്ടുണ്ട്. പത്രോസിന്റെ അമ്മായിയമ്മയെ സൗഖ്യമാക്കിയത്, ഈ വീട്ടിൽ വച്ചായിരുന്നു. (യോഹന്നാൻ ഒഴികെ മറ്റെല്ലാ ശ്ലീഹന്മാരും കർത്താവിനോട് "പിൻപറ്റുന്നതിന്" മുമ്പേ വിവാഹിതരായിരുന്നു. യോഹന്നാൻ വിവാഹിതനായതുമില്ല).

പത്രോസിന്റെ വീടിന്റെ അടിത്തറയും, അവശിഷ്ടങ്ങളും ഇപ്പോഴും അവിടെ കാണാം. അവ പുറമേ കാണത്തക്കവണ്ണം "കണ്ണാടി മതിൽ" ഉയർത്തിക്കൊണ്ട് അതിന്റെ മുകളിൽ, കോൺക്രീറ്റ് തൂണുകളുടെ ബലത്തിൽ, 6 മൂലകളുള്ള (Hexagon) ഒരു ദൈവാലയം പണി കഴിപ്പിച്ചിട്ടുണ്ട്. "House of St. Peter" എന്നും "St. Peters Church" എന്നും ബോർഡ് വച്ചിട്ടുണ്ട്. സാധാരണയായി ഈ പള്ളി അടച്ചിട്ടിരിക്കുകയാണ്. പ്രത്യേക അനുമതിയോടുകൂടി തീർത്ഥാടക സംഘങ്ങൾക്ക് വിശുദ്ധ കുർബാന അർപ്പിക്കുവാൻ തുറന്നുകൊടുക്കും. സിനഗോഗിനും പത്രോസിനും വീടിനും മദ്ധ്യേയായി 4-ാം നൂറ്റാണ്ടിൽ പണികഴിപ്പിച്ച ദൈവാലയത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും അവിടെ കാണപ്പെടുന്നു. സംഘാലയവും, പത്രോസിന്റെ ഭവന സ്ഥാനവും കണ്ട് പുറത്തിറങ്ങുമ്പോൾ, വലതു വശത്തായി അധികം ശ്രദ്ധിക്കപ്പെടാത്ത ഒരു പൂന്തോട്ടം കാണാം. പത്രോസ് കൈ ഉയർത്തി പ്രാർത്ഥിക്കുന്ന ഒറ്റക്കല്ലിൽ തീർത്ത പ്രതിമ അവിടെ സ്ഥാപിച്ചിട്ടുണ്ട്. സിനഗോഗിന്റെ പുറകിലായി അല്പം ദൂരെ, ഗലീല കടൽതീരത്ത്, ചുവന്ന മകുടങ്ങളോടു കൂടിയ ഒരു ഗ്രീക്ക് ഓർത്തഡോക്സ് ദൈവാലയവും കാണപ്പെടുന്നു.

**തബ്ഗാ (Tabgha)**

കർത്താവ് 5 അപ്പവും 2 മീനും എടുത്ത് സ്വർഗ്ഗ ത്തിലേക്ക് നോക്കി വാഴ്ത്തി അനുഗ്രഹിച്ച് 5000 പേരെ തീറ്റി തൃപ്തിപ്പെടുത്തിയത് തബ്ഗായിൽ വച്ചാണ് (മത്താ. 14:15-21). മസുമൂറാ പുസ്തകത്തിൽ ഇപ്രകാരം വായിക്കുന്നു. *"എന്തെന്നാൽ ആഗ്രഹിക്കുന്നവർക്ക് ഞാൻ തൃപ്തി വരുത്തി. വിശപ്പുള്ള ആത്മാവിന് സമ്പൂർണ്ണത വരുത്തി" (107:9).* മശിഹായുടെ കാലം വരുമ്പോൾ മന്നാ തരുമെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു. പഴയ നിയമത്തിൽ യിസ്രായേൽ ജനതയ്ക്ക് ദൈവം മന്നാ കൊടുത്തതും (രണ്ടാം പുസ്തകം 16-ാം അദ്ധ്യായം), ദേശത്ത് ക്ഷാമമുണ്ടായപ്പോൾ ഏലീശാ 100 പേർക്ക് അപ്പം കൊടുത്തതും (2 രാജാ. 4:42-44), തിരുവചനത്തിൽ കാണുന്നുവല്ലോ. *"സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം മോശയല്ല നിങ്ങൾക്ക് തന്നത്. എന്റെ പിതാവത്രെ, സ്വർഗ്ഗത്തിൽ നിന്നുള്ള സാക്ഷാൽ അപ്പം നിങ്ങൾക്ക് തരുന്നത്... ഞാൻ ജീവന്റെ അപ്പമാകുന്നു. എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരു നാളും ദാഹിക്കുകയുമില്ല" (യോഹ. 6:32-35).* യേശുക്രിസ്തു 500 തീറ്റി തൃപ്തിപ്പെടുത്തുക മാത്രമല്ല ചെയ്തത്, ലോകത്തിന് നിത്യ ജീവനെ കൊടുക്കുന്ന അപ്പമായി (Bread of Eternal life) സ്വയം മാറുകയാണുണ്ടായത്.

ഗലീലാകടലിന്റെ പടിഞ്ഞാറെ തീരത്തായും കഫർനഹൂമിന്റെ തെക്കുവശത്തായും കാണുന്ന പ്രദേശമാണ് തബ്ഗാ. കർത്താവിന്റെ കാലത്ത് അവിടെ ഏഴ് ഉറവകൾ ഉണ്ടായിരുന്നതിനാൽ, ഏഴ് ഉറവ എന്നർത്ഥം വരുന്ന 'തബ്ഗാ' എന്ന് വിളിക്കുന്നു. കർത്താവ് ഗിരിപ്രഭാഷണം നടത്തിയ സ്ഥലത്തിനടുത്തു തന്നെയാണ് ഈ സ്ഥലം. ഗലീല പ്രദേശത്ത് അന്ന് 20 ഓളം ഗ്രാമങ്ങളും, ഓരോ ഗ്രാമത്തിലും 15,000 ത്തോളം ജനസംഖ്യയും ഉണ്ടായിരുന്നതായി ചരിത്രം പറയുന്നു. അപ്പോൾ സ്ത്രീകളും പൈതങ്ങളും കൂടാതെ 5000 പേർ എന്നു പറയുന്നത് ഒന്നുമില്ല എന്നും അതിലും ഏറെപ്പേരെ കർത്താവ് ഭക്ഷണം കൊടുത്ത് പോഷിപ്പിച്ചു എന്നും അവർ അവകാശപ്പെടുന്നു. വലിയ നോമ്പിലെ 4-ാം ശനിയാഴ്ചയും, കൂടാതെ പെന്തക്കോസ്തി പെരുന്നാളിനുശേഷം, തുടർന്ന് വരുന്ന ഞായറാഴ്ചകളിലും സുറിയാനി സഭ ഈ സംഭവത്തെ അനുസ്മരിച്ച് ധ്യാനിക്കുന്നു.

തുടരും...

**കവിത**

## ദിവ്യജനനം

**എം.കെ. കുട്ടപ്പൻ**

നീഹാരമണിയും ശുഭ്രാംബരംചൂടി
വസുന്ധരയുറങ്ങീടുന്നു ശാന്തമായ്!
നീലനീരദപാളികൾ വകഞ്ഞിതാ,
താരസൂനങ്ങളുറ്റുനോക്കിടുന്ന ഹാ!

സന്മനസ്സുകൾക്കു ശാന്തിമന്ത്രമോതി,
ദിവ്യപ്രഭാപൂരം ചൊരിയും ദേവകൾ
നിശാഗന്ധികൾ കൺതുറക്കുമീ രാത്രി,
നരന്നുശാന്തിയോതിടുന്നു മന്ദമായ്...

ഉറയൂരുമുരഗംകണക്കെ സത്യം-
വെടിഞ്ഞു കാളകൂടംവമിഷോർ മർത്യർ
നീതിബോധം വെള്ളിക്കാശിനുവിറ്റവർ
പാപികളിവർക്കായൊരു ദിവ്യോദയം.

തെളുതെളെ തിളങ്ങുമാടകൾചാർത്തി
തെളിവാനിലണയുന്നു ദൈവദൂതൻ
യരുശലേം കാലിത്തൊഴുത്തിലൊരരി-
യജന്മമെടുത്തൊരരുമയാമുണ്ണി.
കൊട്ടാരക്കെട്ടില്ലല്ലാ, ദൈവമെന്നുറ-
ക്കെഘോഷിച്ചുപാരിന്നു പുണ്യംപകർന്നു.

## മാഷ്



*ചോദ്യം: കർത്താവിന്റെ രണ്ടാമത്തെ വരവ് എന്നായിരിക്കും മാഷേ?*

ഉത്തരം: കർത്താവിന്റെ ഒരുദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയിമിരിക്കുന്നു. കർത്താവ് തന്റെ വാഗ്ദത്തം നിവൃത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ഇച്ഛിച്ച് ദീർഘക്ഷമ കാണിക്കുന്നുവെന്നേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും. ഭൂമി വെന്തെരിയും. നിങ്ങൾ കർത്താവിന്റെ വരവ് കാത്തിരുന്ന് വിശുദ്ധജീവിതവും ഭക്തിയുമുള്ളവരായിരിപ്പിൻ. നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിക്കുമായിട്ട് കാത്തിരിപ്പിൻ.

### കുന്നന്താനം പള്ളി കൂദാശ ചെയ്തു

നിരണം ഭദ്രാസനത്തിൽപെട്ട സെന്റ് പീറ്റേഴ്സ് യാക്കോബായ പള്ളി അഭി. ജോസഫ് മാർ ഗ്രീഗോറിയോസ്, ഇടവക മെത്രാപ്പോലീത്ത ഗീവറുഗീസ് മാർ കൂറിലോസ്, മാർ ഈവാനിയോസ്, മാർ മിലിത്തിയോസ്, മാർ തേവോദോസ്യോസ്, മാർ അപ്രേം തുടങ്ങിയ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ കൂദാശ ചെയ്തു.

### പരി. യുയാക്കീം മാർ കൂറിലോസ് ബാവയുടെ 135-ാം ഓർമ്മ പെരുന്നാൾ

**മുളന്തുരുത്തി:** പരി. യുയാക്കീം മാർ കൂറിലോസ് ബാവയുടെ 135-ാം ഓർമ്മ പെരുന്നാൾ മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ സെപ്റ്റംബർ 2ന് കൊണ്ടാടി.

**പുസ്തക പരിചയം**

# "ചിതറിയ മുത്തുകൾ"

## (സുറിയാനി ഭാഷാ സാഹിത്യ ശാസ്ത്രപഠനങ്ങൾ)

### രചന: പരി. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ

സുറിയാനി പണ്ഡിതനായ പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ ഒരു പാശ്ചാത്യ-പൗരസ്ത്യ സുറിയാനി ഭാഷാ പണ്ഡിതനും സുറിയാനി സാഹിത്യം, ചരിത്രം, ആരാധന, സംഗീതം എന്നിവയിൽ നിപുണനും ആയിരുന്നു. അദ്ദേഹം പലപ്പോഴായി രചിച്ച് സഭാമക്കൾക്ക് പ്രയോജനകരവും അനുഗ്രഹകരവുമാകുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള കൃതികളെ മലയാളത്തിൽ വിവർത്തനം ചെയ്ത് പുസ്തകരൂപത്തിലാക്കിയിരിക്കുന്ന ഈ ഗ്രന്ഥം 'ചിതറിയ മുത്തുകൾ' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നു. അമൂല്യമായ ഈ കൃതി ഈ രൂപത്തിലാക്കാൻ വന്ദ്യ. കുറിയാക്കോസ് മൂലയിൽ കോർ എപ്പിസ്ക്കോപ്പയും കുഞ്ഞുമോൻ മാന്നാംകുഴിയിലും (അയിരൂർ) ഏറെ ബദ്ധപ്പെട്ടു. സഭാമക്കളുടെ സൗകര്യാർത്ഥം (പ്രി-പബ്ലിക്കേഷൻ വ്യവസ്ഥയിൽ 650 പേജുള്ള 1/8 ഡെമ്മി സൈസിൽ അച്ചടിക്കുന്ന ഈ ഗ്രന്ഥത്തിന് 400 രൂപക്ക് ബുക്ക് ചെയ്യാവുന്നതാണ്. ആവശ്യക്കാർ "മോർ ആദായി സ്റ്റഡി സെന്റർ ചീരംചിറ, ചങ്ങനാശ്ശേരി - 686106 ഫോൺ: 9446203002 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

---

### ഫാ. പി.ജെ ജേക്കബ് മെത്രാപ്പോലീത്തയായി





ദമാസ്ക്കസ്: അഭി. യാക്കോബ് മാർ അന്തോണിയോസ് ഹോണാവാർ മിഷന്റെ സഹായ മെത്രാപ്പോലീത്തയായി ദമാസ്ക്കസിൽ പരി. പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ടു.

---

### മോർ ബഹനാൻ സ്റ്റഡി സർക്കിളിന്റെ മൂന്നാമത് കോൺഫറൻസ് തിരുവല്ലായിൽ നടന്നു



മോർ ബഹനാൻ സ്റ്റഡി സർക്കിളിന്റെ മൂന്നാമത് വാർഷിക കോൺഫറൻസ് തിരുവല്ലാ തീരം അരമനയിൽ നടന്നു. ദൈവത്തെ അന്വേഷിക്കുന്നവർക്ക് ദൈവത്തെ കാണിച്ചുകൊടുക്കുന്നവരായിരിക്കണം ക്രൈസ്തവ യുവാക്കളെന്ന് മോർ കുറിലോസ് ഉദ്ബോധിപ്പിച്ചു. ആധുനിക സമൂഹത്തിന് ദൈവത്തെ പങ്കുവക്കുവാൻ കഴിയണം. ഓരോരുത്തരും ഓരോ മിഷനറിയായി മാറണം. അന്ത്യോഖ്യാ നമ്മുടെ അമ്മയാണ്. സത്യവിശ്വാസത്തിൽ ഉറച്ചുനിന്ന് സാമൂഹിക പ്രതിബദ്ധതയുള്ളവരായി നീതിക്കുവേണ്ടി പോരാടുകയും പാവപ്പെട്ടവരുടെ പക്ഷംചേർന്ന് നല്ല സമൂഹം വാർത്തെടുക്കാൻ യുവാക്കൾ യത്നിക്കണം. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവാക്കൾ പങ്കെടുത്തു. ഡോ. ഗീവറുഗീസ് മാർ കുറിലോസ് ഉദ്ഘാടനം നിർവഹിച്ചു. സഭാ സെക്രട്ടറി തമ്പു ജോർജ്ജ് തുകലൻ മുഖ്യാദിഥി യായിരുന്നു. സഭയും മാധ്യമങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ഷെവ. ബിബി എബ്രഹാമും, സഭാ പ്രതിസന്ധികളും പ്രതീക്ഷകളും എന്ന വിഷയത്തെ ആസ്പദമാക്കി അലക്സാണ്ടർ കാരയ്ക്കാടും ക്ലാസ്സെടുത്തു. ഫാ. ഡോ. സിജി മാത്യൂസ് ഫാ. എം.ജെ. ഡാനിയേൽ, ബെൻസി മാത്യു എന്നിവർ പ്രസംഗിച്ചു. സുരുൺ മാണി ആടുകാലിൽ സ്വാഗതവും ബിജു കെ.വി. പിറവം നന്ദിയും പറഞ്ഞു. ബിന്റോ വർഗീസ് പോൾ ആയിരുന്നു കോ-ഓർഡിനേറ്റർ.

# വാർത്തകൾ



## സിംഹാസന ആരോഹണ വാർഷികം

വി. പത്രോസിന്റെ 122-ാം പിൻഗാമിയായ 77 കാരനായ പ. ഇഗ്നാത്തിയോസ് സാഖ പ്രഥമൻ ബാവ. പ. പാത്രിയർക്കാ സിംഹാസനത്തിൽ ആരുഢനായതിന്റെ 29-ാം വാർഷികം സെപ്റ്റംബർ 14ന് സഭ ആഘോഷിച്ചു.

## സിംഗപ്പൂർ യാക്കോബായ പള്ളിയിൽ എട്ടുനോമ്പ് പെരുന്നാൾ

സിംഗപ്പൂർ സെന്റ് മേരീസ് പള്ളിയിൽ എട്ടുനോമ്പ് പെരുന്നാൾ കൊണ്ടാടി. 8 ദിവസവും വി. കുർബാനയും മദ്ധ്യസ്ഥ പ്രാർത്ഥനയും വചന പ്രഘോഷണവും നേർച്ച വിളമ്പും സദ്യയും നടന്നു. ഫാ. കുര്യാക്കോസ് കടവുംഭാഗം നേതൃത്വം നൽകി. അർമ്മേനിയൻ ചർച്ച് ഓഫ് സെന്റ് ഗ്രിഗറി ദൈവാലയത്തിലാണ് ആരാധന നടത്തുന്നത്. www. sigaporejacubilechuch.org.

## പ്രണയത്തിലൂടെ മതപരിവർത്തനം

ഭീകരപ്രവർത്തനം ഫലപ്രദമാകാത്തതിനാൽ മുസ്ലീം മതമൗലീക വാദികളും തീവ്രവാദ സംഘടനകളും ഇന്ത്യയിലെ ക്രിസ്ത്യൻ-ഹിന്ദു പെൺകുട്ടികളെ പ്രണയം അഭിനയിച്ച് മതപരിവർത്തനം നടത്തി വിവാഹം കഴിക്കുന്നു. മക്കൾ ആയി കഴിഞ്ഞ് ഉപേക്ഷിക്കുന്നു. ഇത്തരം 2400 കേസ് രജിസ്റ്റർ ചെയ്തുകഴിഞ്ഞു. രജിസ്റ്റർ ചെയ്യാത്ത പതിനായിരക്കണക്കിന് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമ്പത്തും പെൺകുട്ടിയിലൂടെ തട്ടിയെടുക്കാനും ശ്രമമുണ്ട്. എന്നാൽ അവരുടെ സ്ത്രീകളെ കടുത്ത യാഥാസ്ഥിതിക ജീവിതത്തിലേക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു.



**മാർ ബസ്സേലിയോസ് പൗലോസ് ദ്വിതിയൻ ബവയുടെ 13-ാം ശ്രാദ്ധപ്പെരുന്നാൾ**

മലേക്കുരിശ്: ശ്രേഷ്ഠ കാതോലിക്കാ മാർ ബസ്സേലിയോസ് പൗലോസ് ദ്വിതിയൻ ബവയുടെ 13-ാം ശ്രാദ്ധപ്പെരുന്നാൾ മലേക്കുരിശ് ദയറായിൽ ശ്രേഷ്ഠ കാതോലിക്കാ ബാവ, കുര്യാക്കോസ് മാർ ദിയസ്ക്കോറോസ് തുടങ്ങി സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരുടേയും കാർമ്മികത്വത്തിൽ ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 1 വരെ വിലുപമായി ആഘോഷിച്ചു.

## കണിയാമ്പറമ്പിൽ അച്ചന് ഭാരത സുറിയാനി കവി എന്ന ബഹുമതി



മലങ്കര: മലങ്കര മല്പാൻ കണിയാമ്പറമ്പിൽ ഡോ. കുര്യൻ കോർ എപ്പിസ്ക്കോപ്പയെ "ഭാരത സുറിയാനികവി" (ഒമൂറോ സുറിയോ യോദാദ് അസ്റോ ദ് ഹിന്ദു) എന്ന് പരി. പാത്രിയർക്കീസ് ബാവ നാമകരണം ചെയ്തു. ഇന്ത്യയിൽ സുറിയാനി ഭാഷയുടെ വളർച്ചയ്ക്കും സുറിയാനി ഗദ്യ-പദ്യങ്ങൾ രചിച്ചുകൊണ്ടിരിക്കുന്നതിനും സുറിയാനിയിൽ നിന്നും വി. വേദപുസ്തകവും കൃതികളും വിവർത്തനം ചെയ്തതിനുമുമ്പ് ഈ ബഹുമതി. പാത്രിയർക്കാ സെന്ററിൽ കൂടിയ സഭാ മാനേജിംഗ് കമ്മിറ്റിയോഗത്തിൽ വച്ച് ഇതു സംബന്ധിച്ച കല്പന വായിച്ച് നൽകുകയും കുരിശു മാലയിട്ട് ശ്രേഷ്ഠ കാതോലിക്കാബാവ അനുമോദിക്കുകയും ചെയ്തു.

Kundara
2009 September 10 YAKKOOMYAN Reg. No. 2939/76.Postal Regn. KL/QN./271/2008-10



ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ്
തോമസ് പ്രഥമൻ ബാവക്ക് പിറന്നാൾ
ആശംസകൾ

## BOOK POST

To

Sri/Smt. ..........................................................................

..................................................................................

..................................................................................

..................................................................................

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org